# ബൈബിൾ ദൂത്



# ALMOST FREE !

## Excellent Christian Literature

You can receive 30 books (english), worth Two hundred rupees for rupees Twentyfive only. Good for preachers, teachers and students of the Bible.

Also available are 20 books in Hindi just for rupees fifteen only.

All books are mailed free of charge. Your M. O. should be addressed to:

**THE BIBLE TEACHER**
C-22 N. D. S. E. 2.
New Delhi-110049

---

## അറിയിപ്പ്

കോട്ടയം സ്വദേശിയും പാമ്പാടി ക്രിസ്തുസഭാംഗവുമായിരുന്ന സഹോദരൻ ജി. ഏലിയാസ് കർത്താവിൽ നിദ്ര പ്രാപിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ ദുഃഖാർത്തരായി കഴിയുന്ന അദ്ദേഹത്തിന്റെ ഭാര്യ സഹോദരി തങ്കമ്മക്കും മക്കൾക്കും സഹോദരങ്ങൾക്കും ബന്ധുമിത്രാദികൾക്കും തുടർന്നുള്ള അവരുടെ ആത്മീയജീവിതത്തിന് ധൈര്യവും സമാധാനവും ദൈവത്തിൽനിന്നു ലഭിക്കുന്നതിന് അവർക്കുവേണ്ടി നിങ്ങൾ ഏവരുടേയും വിലയേറിയ പ്രാർത്ഥനങ്ങൾ ആവശ്യപ്പെടുന്നു.

എഡിററർ

# ബൈബിൾ ട്രൂത്ത്

**Editors:**

**P. K. VARGHESE** **J. C. CHOATE**

*** *** ***

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 2** **May 1988** **No. 2**




കേരളത്തിലെ ക്രൈസ്തവ പാരമ്പര്യമനുസരിച്ച് ഒരാൾ മരിച്ചു കഴിഞ്ഞാൽ അടക്കം ചെയ്യേണ്ടത് സെമിത്തേരിയിലായിരിക്കണമെന്നതാണ് നടപ്പ്. നാമധേയ വിഭാഗങ്ങളിൽ എല്ലാം തന്നെ ഇതു ശീലിച്ചു വരുന്നുണ്ട്. എന്നാൽ പലർക്കും തങ്ങളുടെ ശരീരങ്ങളുടെ ഉദ്ദേശവും വിലയും മനസിലായിട്ടില്ല എന്നതാണ് പരമാർത്ഥം. ദൈവത്തിന്റെ ആത്മാവ് വസിക്കുന്നതിന് നല്കിയിരിക്കുന്ന ഈ ആവരണം താല്ക്കാലികമാണ്. അതിനെ എത്രമോടിപിടിപ്പിച്ചാലും മതിയാകാത്തവരാണല്ലോ സൗന്ദര്യപ്രേമികൾ. സ്വാർത്ഥലാഭത്തിന് വേണ്ടിയായിരിക്കരുത് നമ്മുടെ ശരീരങ്ങളെ ഉപയോഗിക്കേണ്ടത്. മറ്റുള്ളവരുടെ പ്രയോജനത്തിനായി ദൈവ സേവ ചെയ്യുകയാണ് വേണ്ടത്. ആത്മാവ് ശരീരത്തെ വേർപിരിഞ്ഞാൽ ജഡം നിർജ്ജീവമാണെന്നു നമുക്കറിയാം. പിന്നെ ആ ശരീരത്തെ എവിടെ, എത്ര ആഡംബരത്തോടെ അടക്കുന്നു എന്നതല്ലാ പ്രധാനം; മരിച്ച് മരിക്കുമ്പോൾ നാം നമ്മിലുള്ള ആത്മാവിനെ ദൈവത്തിൽ ഭരമേല്പിച്ചിട്ടുണ്ടോ എന്നതാണ് മുഖ്യം. ദൈവ വചനം അനുസരിക്കുന്നതിന് തടസ്സമായി എവിടെ അടക്കുമെന്നതിനെ നാം കാണരുത്. ഭൗതികമായ ഒന്നിനുവേണ്ടി നമ്മുടെ ആത്മാക്കളെ നശിപ്പിക്കാതെ അവയെ രക്ഷിക്കുവാൻ ദൈവത്തിന് ഏല്പിക്കുന്നവരായിരിക്കുക.

**പി. കെ. വർഗ്ഗീസ്**

# കൈക്കൂലി എന്ന പ്രശ്നം

J. C. ചോട്ട്

ആഫ്രിക്കൻ രാജ്യങ്ങളിൽ ഏററവും അധികം പുരോഗമിച്ച രാജ്യങ്ങളിൽ ഒന്ന് ഞാൻ അടുത്തകാലത്ത് സന്ദർശിക്കുകയുണ്ടായി. എന്നിട്ടും തെരുവുകളിലും റോഡുകളിലും പോലീസുകാർ, കാറുകളും മററു വാഹനങ്ങളും തടഞ്ഞ് നിർത്തി പരിശോധിക്കുന്ന ഒരു പൊതുസ്വഭാവം കാണപ്പെടുകയുണ്ടായി. മിക്കവാറും എല്ലാ ഡ്രൈവർമാർക്കും എന്താണ് ചെയ്യേണ്ടതെന്നറിയാമായിരുന്നു. അത് അവർ ഉദ്യോഗസ്ഥൻമാർക്കു നൽകുകയും ചെയ്യുന്നതായി കാണപ്പെടുന്നു. അത് ഒരു അലിഖിത ആവശ്യമായി സമൂഹത്തിൽ മാറിയിരിക്കുന്നു.

യുവാക്കളെ തടഞ്ഞ് ഏകാന്തമായ ഒരു സ്ഥലത്തേക്ക് കൊണ്ടുപോയി ചോദ്യം ചെയ്യുകയാണ് മററൊരു പൊതുവായ പരിശീലനം. അവിടെ കൊണ്ടുപോവുക മാത്രമല്ല, ചോദ്യം ചെയ്യുകയും ചെയ്യും. പണം കൊടുക്കുന്നവരെ ഉടനെ വിട്ടയക്കുകയാണ് പതിവ്. എന്നാൽ പണം കൊടുക്കുവാൻ കഴിവില്ലാത്തവരോ, കൊടുക്കാത്തവരോ ഉണ്ടെങ്കിൽ അവരെ ഒരു ദിവസമോ അതിലധികമോ ആഹാരംപോലും നൽകാതെ, തറ തുടക്കുക, വൃത്തിയാക്കുക തുടങ്ങിയ ജോലിചെയ്യിക്കുന്നതാണ്. നിരപരാധികളെ പണത്തിനുവേണ്ടി പീഡിപ്പിക്കുകയാണിവിടെ നടക്കുന്നത്.

പോലീസിനെക്കുറിച്ചു ആളുകൾ എന്തു വിചാരിച്ചിരിക്കും? ഊഹിക്കുക. അവർ വക്രതയുള്ളവരും കുഴപ്പക്കാരും ആണെന്നും അവർ തങ്ങളുടെ ശത്രുക്കളാണെന്നും ആളുകൾ വിചാരിക്കും. എന്നിട്ടും ഇതേ പോലീസിനെ തന്നെയാണ് നിയമപാലകൻമാരായി കാണുന്നതും, നിയമം അനുസരിക്കുന്ന പൗരൻമാരുടെ സഹായത്തിന് പ്രശംസാപത്രംപോലും നൽകി അവരെ ആദരിക്കുന്നതും. ഇതെന്തൊരു വിരോധാഭാസമാണെന്ന് ആത്മാർത്ഥതയുള്ളവർ ചിന്തിച്ചുപോകും.

ദരിദ്ര രാഷ്ട്രങ്ങളിൽ അധികവും അധികാരസ്ഥാനങ്ങളിൽ ഇരിക്കുന്നവർ, സാധുക്കളെ ശല്യപ്പെടുത്തുകയും അവരുടെ ജീവിതത്തെ കൂടുതൽ പ്രയാസകരമാക്കുകയും ചെയ്യുന്നു. ധാരാളംപേർക്ക് അവരുടെ ജോലിക്കായി പണം നൽകേണ്ടിവരുന്നു. അവർക്കുവേണ്ടി ഒരു വിരൽ അനക്കുവാൻ തുനിയുന്നവർക്കുപോലും പൈസ കൊടുക്കാതെ അതു സാദ്ധ്യമല്ല. ഈ സാമൂഹ്യ ദുരവസ്ഥ സാധാരണക്കാരെ എന്തുമാത്രം ക്ലേശിപ്പിക്കുന്നു?

ഇത്തരത്തിലുള്ള സന്ദർഭങ്ങളെ ഒരു ക്രിസ്ത്യാനി എങ്ങനെ അഭിമുഖീകരിക്കണം? അവൻ കൈക്കൂലി കൊടുക്കണോ വേണ്ടയോ? നിയമം ലംഘിക്കേണ്ടതിന് കൈക്കൂലി നൽകുന്നത് തികച്ചും വ്യക്തമായ ഒരു തെറ്റാണ്. സകല നിയമവും നാം അനുസരിക്കണമെന്നാണ് ബൈബിൾ പഠിപ്പിക്കുന്നത് (റോമർ 13). അപ്പോൾ നിയമം ലംഘിക്കുന്നതിനോ, നിയമത്തിനു ചുറ്റും സഞ്ചരിക്കേണ്ടതിനോ മറ്റാർക്കെങ്കിലും നാം പണം കൊടുക്കുകയെന്നത് വിലക്കപ്പെട്ടിരിക്കയാണ്. എന്നാൽ ഈ കൈക്കൂലിക്കാർ ജനങ്ങളെ മുതലെടുക്കുവാനും ചൂഷണം ചെയ്യുവാനും കൂടുതൽ കൂടുതൽ ആവശ്യപ്പെടുകയുമാണ് ചെയ്യുന്നത്. നാം ഇതിനെ എപ്രകാരം നേരിടണം? മുൻപ് സൂചിപ്പിച്ചതുപോലെ നമുക്കുവേണ്ടി നിയമം ലംഘിക്കുവാൻ മറ്റാരെയെങ്കിലും പ്രോത്സാഹിപ്പിക്കുവാനാണെങ്കിൽ നാം അതിനു കൂട്ടാളികളായിത്തീരരുത്. എന്നാൽ നിയമം ലംഘിക്കാത്ത ഒരു പ്രവൃത്തിയാണെന്നിരിക്കട്ടെ; ആ സേവനം ചെയ്ത വ്യക്തിക്ക് നാം പാരിതോഷികമായോ ഒരു സംഭാവന എന്ന നിലയ്ക്കോ മറ്റോ, ഒരു ചെറിയ സംഖ്യ നൽകുന്നത് കൈക്കൂലിയായി കണക്കാക്കുവാൻ പാടില്ല അതു കിട്ടിയില്ലെങ്കിൽ സേവനം മോശമാക്കുന്നതും ശരിയായ മനോഭാവമല്ല.

അധികാരത്തിലിരിക്കുന്നവരാണ് ഈ കൈക്കൂലി സമ്പ്രദായത്തിന് ഉത്തരവാദികളും കുറ്റക്കാരുമെന്നാണ് എനിക്കു തോന്നുന്നത്. അവർ ഇതിൽ പങ്കുകാരായി വിലക്കാതിരിക്കുകയോ അവർക്ക് മതിയായ ശമ്പളം നൽകാതിരിക്കുകയോ ചെയ്യുന്നു. അങ്ങനെ അവർ കൈക്കൂലിയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

അഴിമതി എല്ലാവരേയും ബാധിക്കുന്നതാകയാൽ ധനവാൻമാർക്ക് അതിനു കഴിയും. അവർ പലപ്പോഴും കൊടുക്കുകയും ചെയ്യുന്നു; അങ്ങനെ തങ്ങൾ ആഗ്രഹിക്കുന്നതെന്തായാലും അതു നിർവ്വഹിക്കുവാൻ അവർക്കു സാധിക്കുന്നു. തൻമൂലം പണമുള്ളവർ കൂടുതൽ പണക്കാരായിത്തീരുകയും ദരിദ്രർ കൂടുതൽ ദരിദ്രരായി തീരുകയും ചെയ്യുന്നു. എന്നാൽ ഏറ്റവും കൂടുതൽ ഇതിന് ഇരയായിത്തീരുന്നത് സമൂഹത്തിൽ സാമ്പത്തികമായി താഴ്ന്ന നിലവാരത്തിൽ ജീവിക്കുന്നവരാണ്. നിയമം, സുരക്ഷിതത്വത്തിനും സഹായത്തിനുമായി നൽകേണ്ട സ്ഥാനത്ത് ഈ ഉന്നതാധികാരികൾ സാധുക്കളെ ചൂഷണം ചെയ്യുന്നതിനായി ഉപയോഗിക്കുന്നു. അവർ വീണ്ടും വീണ്ടും ഈ ആവശ്യം ഉന്നയിക്കുന്നവരുമാണ്.

ഇതിൽനിന്നും ആളുകൾക്ക് എങ്ങനെ ഒളിച്ചോടാൻ കഴിയും? അല്ലെങ്കിൽ ഈഅവസ്ഥയെ എങ്ങനെ നിർമ്മാർജ്ജനം ചെയ്വാൻ സാധിക്കും? ഇതു ഉന്നത തലത്തിൽ നിയമം കൈകാര്യം ചെയ്യുന്നവരിൽ

കൈക്കൂലി ഉണ്ടെങ്കിൽ കുററക്കാരായി കാണുന്നവരെ മാതൃകാപരമായി ശിക്ഷിക്കുവാനുള്ള സംവിധാനം ഉണ്ടാകണം. അനേകർക്ക് കൈക്കൂലിയുടെ ഓഹരി കിട്ടുന്നതിനാൽ ഇതു അപൂർവ്വമായേ സംഭവിക്കുന്നുള്ളു. അതല്ലെങ്കിൽ സമൂഹം തങ്ങൾക്കു ലഭിക്കേണ്ട സേവനത്തിന് താഴ്ന്ന തലങ്ങളിലുള്ളവർക്ക് കൈക്കൂലി കൊടുക്കാൻ തയ്യാറാവാതിരിക്കുക. ആ തീരുമാനം സാർവ്വത്രികമാകണം. അല്ലെങ്കിൽ ഒരു വിഭാഗത്തിന് നീതി നിഷേധിക്കപ്പെടുവാനിടയുണ്ട്. ഇതു പലപ്പോഴും സംഭവിക്കാത്തതിന്റെ കാരണം അധികംപേരും ബലഹീനരും ചെറുത്തു നിൽക്കാൻ ശക്തിയില്ലാത്തവരുമാകയാലത്രെ.

ആകയാൽ അതു നിങ്ങളിലേക്കും എന്നിലേക്കും മടങ്ങിവരുന്നു. നാം അതിനെ എങ്ങനെ കാണുന്നു? അതിനെ അതിജീവിക്കുവാൻ നാം എന്താണ് ചെയ്യുക? നാം ഈ കൈക്കൂലി സമ്പ്രദായത്തെ പ്രോത്സാഹിപ്പിക്കുന്നവരും അതിന് പങ്കാളികളുമാകണോ? അഥവാ അതിനെ എതിർത്ത് നിരുത്സാഹപ്പെടുത്തുവാൻ നമ്മുടെ കുടുംബത്തെയും സുഹൃത്തുക്കളേയും സഹായിക്കുന്നവരാകുമോ? നാം വിചാരിച്ചാൽ പൂർണ്ണമായി അതു നിർത്തലാക്കാൻ കഴിഞ്ഞില്ലെന്നു വന്നേക്കാം. എങ്കിലും ഈ പ്രവൃത്തിയാൽ നാം ചെയ്യുന്നതു ശരിയാണെന്നുള്ളതിനാൽ സംതൃപ്തിയും തെററിനെ പ്രോത്സാഹിപ്പിക്കാത്തതിൽ ഒരനുഭൂതിയും നമുക്കുണ്ടാകും.

നാം ജീവിക്കുന്ന രാജ്യമേതായാലും ആ രാജ്യത്തിലെ നിയമങ്ങൾ, ദൈവം തന്റെ വചനത്തിൽ പറഞ്ഞിരിക്കുന്നതിന് വിരുദ്ധമല്ലെങ്കിൽ അതനുസരിക്കുവാൻ നാം കടപ്പെട്ടവരാണ്. അങ്ങനെ നിങ്ങളും ഞാനും പൂർണ്ണമായി അവന്റെ സന്നിധിയിൽ കുററമില്ലാത്തവരായി കാണപ്പെടുവാൻ ഇടവരട്ടെ.

---

# അപ്പോസ്തലൻമാർ

എം. കെ. കുര്യൻ, കടമ്പാ.

ക്രിസ്തു സ്ഥാപിച്ച സഭയെക്കുറിച്ചും, സാക്ഷാൽ ക്രിസ്തീയ ജീവിതത്തെക്കുറിച്ചും വ്യക്തമായി മനസ്സിലാക്കുവാൻ സത്യവേദപുസ്തകത്തിൽ നിന്നും അപ്പോസ്തലന്മാരെപ്പററി നാം പ്രത്യേകം പഠിക്കേണ്ടതാണ്. കാരണം ദൈവം ഒന്നാമതു സഭയിൽ നിയമിച്ചത് അവരെയാണ് (1 കൊരി: 12:27).

# തിരുവെഴുത്തുകളുടെ ശക്തി

എഴുതിയ സന്ദേശത്തിന് ഒരു ശക്തിയുണ്ട്. ഒരിക്കൽ എന്റെ മുത്തച്ഛൻ മരിച്ചു പോയതായി എന്റെ അച്ഛൻ അയച്ച ഒരു ടെലഗ്രാം എനിയ്ക്കു കിട്ടുകയുണ്ടായി. ആ സന്ദേശം എനിക്ക് വളരെയധികം ദുഃഖത്തിനു കാരണമായി.

നമ്മുടെ സ്വർഗ്ഗീയ പിതാവ് നമ്മെ എത്രമാത്രം സ്നേഹിക്കുന്നു എന്നതിനെക്കുറിച്ച് എഴുതിയ സന്ദേശം നമുക്കുണ്ട്. അതെക്കുറിച്ച് അപ്പോസ്തലനായ പൗലോസ് ഇങ്ങനെ എഴുതുന്നു. 'ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ നമുക്കുവേണ്ടി മരിക്കയാൽ ദൈവം നമുക്കു തന്നോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു (റോമർ 5: 8).

യേശു തിരുവെഴുത്തിന്റെ ശക്തി ഉപയോഗിക്കുന്നു.

യേശു മരുഭൂമിയിൽ വച്ച് പിശാചിനാൽ പരീക്ഷിക്കപ്പെടുമ്പോൾ, സ്വർഗ്ഗീയമായ സഹായമൊ, അത്ഭുതങ്ങളൊ കൂടാതെ തിരുവെഴുത്തുകളെ പഠിച്ചുകൊണ്ട് അതിനെ വളരെ ലളിതമായി തരണം ചെയ്യുന്നു.

യേശു നാല്പ്പത് രാവും നാല്പ്പതു പകലും തിന്നുകയൊ കുടിക്കുകയൊ ചെയ്തിരുന്നില്ല. അതിനാൽ അവന് വിശന്നു. അപ്പോൾ പിശാച് അവനോട് നീ ദൈവപുത്രൻ എങ്കിൽ ഈ കല്ലു അപ്പമായി തീരാൻ കല്പിക്ക എന്നു പറഞ്ഞു. യേശു സാത്താന്റെ തന്ത്രങ്ങൾക്കു വശംവദനാകാതെ ദൈവത്തിന്റെ ശക്തിയുള്ള വചനങ്ങൾകൊണ്ടു നേരിടുകയാണ് ചെയ്യുന്നത്. യേശു ഉത്തരം പറഞ്ഞത് 'മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിൽ കൂടി വരുന്ന സകല വചനംകൊണ്ടും ജീവിക്കുന്നു. (മത്തായി 4 :4).

യേശു രണ്ടിലധികം പ്രാവശ്യം പരീക്ഷിക്കപ്പെടുകയും അപ്പോഴെല്ലാം ദൈവ വചനത്തിൽ നിന്നും ഉദ്ധരിച്ച് അതിനെ അതിജീവിക്കുകയും ചെയ്യുന്നു. അതെ! തിരുവെഴുത്തിന് ശക്തിയുണ്ട്. അതുകൊണ്ട് സാത്താൻ യേശുവിനെ വിട്ടുപോവുകയും യേശു സ്വർഗ്ഗത്തിൽ നിന്നും ശക്തി പ്രാപിക്കുകയും ദൂതൻമാർ അടുത്തു വന്ന് ശുശ്രൂഷിക്കുകയും ചെയ്യുന്നു. (മത്തായി 4: 11).

യാക്കോബ് ക്രിസ്ത്യാനികളെ പ്രബോധിപ്പിക്കുന്നത്, ''ആകയാൽ നിങ്ങൾ ദൈവത്തിനു കീഴടങ്ങുവിൻ പിശാചിനോട് എതിർത്ത് നിൽപിൻ, എന്നാൽ അവൻ നിങ്ങളെ വിട്ട് ഓടിപ്പോകും. (യാക്കൊ 4 : 7). എപ്പോഴെങ്കിലും നാം പരീക്ഷിക്കപ്പെടുമ്പോൾ യേശു ചെയ്തതുപോലെ തിരുവെഴുത്തിൽകൂടി നാം അവരെ നേരിടുകയും, ''ഈവക പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല'' (ഗലാത്യർ 5: 21) എന്നുപറയുകയും ചെയ്യുന്നുണ്ടോ?

യേശു നസ്രേത്തിൽവെച്ച് ദൈവവചനം ഉപയോഗിക്കുന്നു. യേശു താൻ വളർന്ന നസ്രേത്തിൽ വന്നിട്ട് താനാണ് വരുവാനിരുന്ന മശിഹാ എന്നു പ്രഖ്യാപിക്കുന്നു. അത് തെളിയിക്കാനായി പള്ളിയിൽ വെച്ച് തിരുവെഴുത്തുകളെ എടുത്തു വായിക്കുകയാണ് — ''ദരിദ്രൻമാരോട് സുവിശേഷം അറിയിപ്പാൻ കർത്താവു എന്നെ അഭിഷേകം ചെയ്തിരിയ്ക്കയാൽ അവൻെറ ആത്മാവ് എൻെറ മേൽ ഉണ്ട്. ബദ്ധൻമാർക്കു വിടുതലും കുരുടൻമാർക്ക് കാഴ്ചയും പ്രസംഗിപ്പാനും പീഡിതൻമാരെ വിടുവിച്ചയപ്പാനും കർത്താവിൻെറ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു. (ലൂക്കോ 4: 18, 19).

ഈ തിരുവെഴുത്തുകൾ പള്ളിയെക്കുറിച്ച് ഒരു നല്ല ചിത്രം നമുക്കു തരുന്നു. ലൂക്കോസ് എഴുതുന്നു :— യേശു പുസ്തകം മടക്കി ശുശ്രൂഷകനു കൊടുത്തിട്ട് ഇരുന്നു. എല്ലാവരുടേയും കണ്ണ് അവനിൽ പതിഞ്ഞിരുന്നു. അവൻ അവരോട്, ''ഇന്ന് നിങ്ങൾ ഈ വചനം കേൾക്കയിൽ ഈ തിരുവെഴുത്തിനു നിവൃത്തി വന്നിരിക്കുന്നു എന്നു പറഞ്ഞു. എല്ലാവരും അവനെ പുകഴ്ത്തി. അവൻെറ വായിൽ നിന്നും വന്ന ലാവണ്യ വാക്കുകൾ നിമിത്തം ആശ്ചര്യപ്പെട്ടു. ഇവൻ യോസേഫിൻെറ മകൻ അല്ലയോ എന്നു പറഞ്ഞു. ഇത് എഴുതപ്പെട്ടിട്ടില്ലായിരുന്നു, എങ്കിൽ നമ്മുടെ കർത്താവിനെക്കുറിച്ച് ഇത്ര മനോഹരമായ ഒരു അറിവ് നമുക്ക് കിട്ടുകയില്ലായിരുന്നു.

ആളുകളോട് അവൻ എന്തു പറഞ്ഞോ അതു ശരിയാണെന്ന് നാം കണ്ടു. എന്നാൽ അത് എഴുതപ്പെട്ടിട്ടില്ലായിരുന്നു എങ്കിൽ അതിന് സ്ഥിരീകരണം ഇല്ലാതെ പോയേനെ, പത്രോസ് എഴുതുന്നത്, ''പ്രവചനവാക്യം അധികം സ്ഥിരമായിട്ടു നമുക്കുണ്ട്'' — ഈ പ്രവചനവാക്യം തന്നെയാണ് തിരുവെഴുത്ത്. യേശു പറഞ്ഞു; 'തിരുവെഴുത്തുകൾ പരിശോധിക്കുക''.

ശബ്ബത്തിനെ ലംഘിച്ചതുകൊണ്ടു മാത്രമല്ല, ദൈവം സ്വന്ത പിതാവ് എന്നു പറഞ്ഞു. തന്നെത്താൻ ദൈവത്തോട് സമമാക്കിയതു കൊണ്ടും യഹൂദൻമാർ യേശുവിനെ കൊല്ലാൻ നിശ്ചയിച്ചു. (യോഹന്നാൻ 5: 18). യേശു അപ്പോൾ താൻ ദൈവപുത്രനാണെന്നും തന്നെക്കുറിച്ച് തിരുവെഴുത്തുകളിൽ എന്തെഴുതിയിരിക്കുന്നു എന്നും വ്യക്തമാക്കുന്നു. താൻ ദൈവപുത്രനാണെന്നു തിരുവെഴുത്തുകൾ സാക്ഷ്യം പറയുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. യേശു അവരോട്, ''നിങ്ങൾ തിരുവെഴുത്തുകളെ ശോധന ചെയ്യുന്നു. അവയിൽ നിത്യജീവൻ ഉണ്ട് എന്ന് നിങ്ങൾ നിരൂപിക്കുന്നുവല്ലൊ. അവ എനിക്കു സാക്ഷ്യം പറയുന്നു. (യോഹ. 5: 39). പിന്നീട് യേശു പറഞ്ഞു: ഞാൻ പിതാവിന്റെ മുമ്പിൽ നിങ്ങളെ കുററം ചുമത്തും എന്നു തോന്നരുത്. നിങ്ങളെ കുററം ചുമത്തുന്നവൻ ഉണ്ട്. നിങ്ങൾ പ്രത്യാശ വച്ചിരിക്കുന്ന മോശെ തന്നെ. നിങ്ങൾ മോശെയെ വിശ്വസിച്ചു എങ്കിൽ എന്നെയും വിശ്വസിക്കുമായിരുന്നു. അവൻ എന്നെക്കുറിച്ച് എഴുതിയിരിക്കുന്നു. എന്നാൽ അവന്റെ എഴുത്തു നിങ്ങൾ വിശ്വസിക്കുന്നില്ലായെങ്കിൽ എന്റെ വാക്കു എങ്ങനെ വിശ്വസിക്കും (യോഹ. 5: 45–47). അങ്ങനെ അവിശ്വാസികളോട്, അവർ മോശെ എഴുതിയത് വിശ്വസിച്ചിരുന്നു എങ്കിൽ യേശു താൻ ദൈവപുത്രനാണെന്നു പറഞ്ഞതും വിശ്വസിക്കുമായിരുന്നു എന്ന് പറയുന്നു. വിശ്വസിച്ചാൽ നാം തിരുവെഴുത്തിന്റെ ശക്തി അറിയും. ഇല്ലെങ്കിൽ അതുകൊണ്ട് യാതൊരു നൻമയും ഇല്ല.

## തിരുവെഴുത്തുകൾ ജീവൻ പ്രദാനം ചെയ്യുന്നു

യോഹന്നാൻ എഴുതുന്നത്, ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നതല്ലാതെ മററു പല അടയാളങ്ങളും യേശു തന്റെ ശിഷ്യൻമാർ കാൺകെ ചെയ്തു. എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിന്, വിശ്വസിച്ചിട്ട് അവന്റെ നാമത്തിൽ നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിനും ഇത് എഴുതിയിരിക്കുന്നു. (യോഹ. 20: 30, 31).

രണ്ടു വഴികളിൽ കൂടി നമ്മുടെ രക്ഷക്കാവശ്യമായ വിശ്വാസം നമുക്കു കിട്ടുന്നു. നമ്മുടെ അറിവിനായി എഴുതിയിരിക്കുന്നത് നാം വായിക്കുകയോ, എഴുതിയിരിക്കുന്ന വചനം നാം കേൾക്കുകയൊ ചെയ്യുന്നതാണ്. അവ രണ്ടും എഴുതിയിരിക്കുന്നതിൽക്കവിഞ്ഞ് പ്രസംഗിക്കേണ്ടതില്ല. എന്തെന്നാൽ തിരുവെഴുത്തിന്റെ

ശക്തി നമ്മിൽ വിശ്വാസം ഉറപ്പിച്ചുകൊള്ളും. സഹോദരൻമാരെ ഇതു നിങ്ങൾ നിമിത്തം എന്നെയും അപ്പല്ലോസിനെയും ഉദ്ദേശിച്ച് പറഞ്ഞിരിക്കുന്നത്, എഴുതിയിരിക്കുന്നതിനു അപ്പുറം (ഭാവിക്കാതിരിപ്പാൻ) ഞങ്ങളുടെ ദൃഷ്ടാന്തം കണ്ടു പഠിക്കുന്നതിനും ആരും ഒരുത്തന് അനുകൂലമായും മറ്റൊരുവന് പ്രതികൂലമായും ചീർത്തു പോകാതിരിക്കേണ്ടതിനു തന്നെ (1 കൊരി. 4:6). ഇതിൽനിന്നും എഴുതിയിരിക്കുന്നതിന്റെ പ്രാധാന്യം എത്രയെന്നു വളരെ എളുപ്പം കാണാം.

## ന്യായപ്രമാണത്തിൽ എന്തെഴുതിയിരിക്കുന്നു

ഒരു ന്യായശാസ്ത്രി യേശുവിനോട് ഗുരോ ഞാൻ നിത്യജീവന് അവകാശിയായി തീരാൻ എന്തു ചെയ്യേണം എന്നു അവനെ പരീക്ഷിപ്പാൻ ചോദിച്ചു. യേശു അവനോട് ന്യായപ്രമാണത്തിൽ എന്തെഴുതിയിരിക്കുന്നു; നീ എങ്ങനെ വായിക്കുന്നു എന്ന് ചോദിച്ചതിന്, ന്യായശാസ്ത്രി ആവർത്തന പുസ്തകം 6:5 ഉദ്ധരിച്ച് മറുപടി പറഞ്ഞു. അങ്ങനെ ചെയ്ക, എന്നാൽ നീ ജീവിക്കും എന്നുത്തരം പറഞ്ഞു.

എന്താണ് ചെയ്യേണ്ടത് ? എന്താണ് തിരുവെഴുത്തിൽ, അതു ചെയ്വാൻ യേശു അവനോട് പറഞ്ഞത് ഇപ്പോൾ നാം അനുസരിക്കേണ്ടതും അതുതന്നെയാണ്. പുതിയ നിയമം ക്രിസ്തുവിന്റെ ന്യായപ്രമാണമാണ് (ഗലാ. 6:2). 'ജീവന്റെ വൃക്ഷത്തിൽ നിങ്ങൾക്ക് അധികാരം ഉണ്ടാകേണ്ടതിനും, ഗോപുരത്തിൽകൂടി നഗരത്തിൽ കടക്കേണ്ടതിനും തങ്ങളുടെ വസ്ത്രം അലക്കുന്നവർ ഭാഗ്യവാൻമാർ (വെളിപ്പാട് 22: 14) എന്ന് എഴുതിയിരിക്കുന്നു. യേശുവിനോട് സംസാരിച്ച ന്യായ ശാസ്ത്രിയോട് മോശെയുടെ ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്നത് അനുസരിക്കാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇന്നു നാം നിത്യജീവൻ പ്രാപിക്കേണ്ടതിന് പുതിയ നിയമ കല്പനകളെ അനുസരിക്കണം. ദൈവത്തിന്റെ ശക്തി ഉൾക്കൊള്ളുന്നത് ഇപ്പോൾ അവന്റെ വചനത്തിലാണ്. ജീവനും ചൈതന്യവുമുൾക്കൊള്ളുന്ന ശക്തമായ വചനം നിങ്ങൾ അനുസരിക്കുകയാണെങ്കിൽ നിങ്ങൾ ദൈവത്തിന്റെ മക്കളായിത്തീരും. നമ്മുടെ ഭൗമിക ജീവിതത്തിന്റെ ഭാഗമായി നല്കപ്പെട്ടിരിക്കുന്ന ആത്മീയ ഉത്തരവാദിത്വം നിറവേറേണ്ടത് വചനത്തിൽ നിലനിന്നുകൊണ്ടാണ്. അതിന് നിങ്ങൾ തയ്യാറാകും എന്നു ഞാൻ കരുതട്ടെ.

# അസൂയ

തോമസ്

ശൈശവ പ്രായത്തിൽ നിന്ന് ബാല്യത്തിലേക്കു കടക്കുമ്പോൾ തന്നെ അസൂയ കുട്ടികളിൽ കാണപ്പെടുന്നുണ്ട്. പ്രായം കൂടുന്തോറും ആ സ്വഭാവത്തിന് രൂപ വ്യത്യാസം സംഭവിക്കുമെന്ന് മാത്രം. അസൂയയും അത്യാഗ്രഹവും അന്യോന്യം ബന്ധപ്പെട്ടു കിടക്കുന്നു. അസൂയകൊണ്ടാണല്ലോ അത്യാഗ്രഹം ഉണ്ടാകുന്നത്. മറ്റൊരാളുടെ ഭാഗ്യത്തിലോ ഉയർച്ചയിലോ ഒരാൾക്കുണ്ടാകുന്ന അപകർഷതാ ബോധമോ നിരാശയോ കൊണ്ടുണ്ടാകുന്ന ഒരതൃപ്തിയാണിത്. സഹ പ്രവർത്തകനോ അയൽക്കാരനോ അഭിവൃദ്ധിയുണ്ടാകുമ്പോൾ അതിന് തന്നെക്കൊണ്ട് കഴിയാത്തതുകൊണ്ടുമാകാം ഈ ദുസ്വഭാവം വളരുന്നത്. അതുകൊണ്ട് സ്വാഭാവികമായി അയാളിൽ തുറിച്ചു നോക്കുന്ന നിർഭാഗ്യാവസ്ഥ അദ്ദേഹത്തെ അസൂയയിലെത്തിക്കുന്നു. നെഗറ്റീവ് ആയിട്ടുള്ള ചിന്തകൾ അധികരിക്കുന്നതുകൊണ്ടാണ് ഇത്തരം പ്രതിഭാസമുണ്ടാകുന്നതെന്നാണ് മനഃശാസ്ത്രജ്ഞൻമാരുടെ നിഗമനം.

ദൈവത്തിന്റെ യോഗ്യതയെ പരിഗണിച്ച് പ്രതിപാദിക്കുമ്പോൾ അസൂയയെന്ന വാക്കിന് മറ്റൊരർത്ഥമാണ് ജനിക്കുന്നത്. അപ്പോൾ അതിന്റെ അർത്ഥം, വിധേയത്വം അല്ലെങ്കിൽ കർത്താവിനെ ഹൃദയംഗമമായി ആരാധിക്കുകയും സേവിക്കുകയും ചെയ്യുക എന്നതാണ്. ദൈവത്തിന്റെ അവകാശങ്ങളുടെ പരിരക്ഷണവും, തന്റെ ജനത്തിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന അവിശ്വസ്തതയിൽ അസഹിഷ്ണുതയും ഇതിലുണ്ട്. ഇത്തരത്തിലുള്ള അർത്ഥം ധ്വനിക്കത്തക്ക വിധത്തിൽ പഴയ നിയമത്തിൽ ഈ വാക്ക് ഉപയോഗിച്ചിരിക്കുന്നു. വീണ്ടും നമുക്ക് ആ പദത്തിലേക്ക് മടങ്ങി വരാം. സോക്രട്ടീസ് ഈ വാക്കിനെ വിവരിച്ചിരിക്കുന്നത്, അഹങ്കാരത്തിന്റെ പുത്രിയും പ്രതികാരത്തിന്റേയും കുലപാതകത്തിന്റേയും കാരണഭൂതൻ എന്നത്രെ. മരണകരമായ, വിദ്വേഷവും വെറുപ്പും ഇതിൽനിന്നുണ്ടാകുമെന്ന് ചിലർ ഭയപ്പെടുന്നു.

ഒരു അഹങ്കാരിക്ക് തന്റെ നേട്ടത്തിൽ പ്രശംസിക്കുകയും അതിൽ ആനന്ദിക്കുകയുമാകാം, അതുപോലെ ഒരത്യാഗ്രഹിക്ക് തന്റെ ആഗ്രഹ ലഭ്യത വരുമ്പോൾ അതിൽ ആനന്ദിക്കാം. എന്നാൽ ഒരു അസൂയയുള്ള വ്യക്തിക്ക് തന്റെ അസൂയയിൽ നിന്ന് എന്ത് നേട്ടമാണു

ള്ളത്? തന്റെ മനസ് വ്യാകുലപ്പെട്ട് അതിനെ തളർത്തുവാൻ മാത്രമേ അത് ഉപകരിക്കൂ. അവസാനം അതൊരു മാനസികമായ ആഘാതത്തിൽ എത്തിച്ചേക്കാം. എല്ലാ മണ്ണിലും കളിമണ്ണിലും കള മുളക്കുന്നതുപോലെ അസൂയയും എല്ലായിടത്തും കാണാം. എന്നാൽ ചില പ്രതലങ്ങളിൽ അതു സമൃദ്ധമായ ഫലമാണ് പുറപ്പെടുവിക്കുന്നത്. വിവിധതരം ആളുകൾക്കിടയിലല്ല അസൂയ കാണപ്പെടുന്നത്. ഉദാഹരണമായി പ്രസിദ്ധനായ ഒരു ഗുസ്തിക്കാരന് ഒരു തത്വചിന്തകനോട് അസൂയയുണ്ടാകാറില്ല. അതുപോലെ ഒരു കവിക്ക് ഒരു സിനിമാ താരത്തോട് അസൂയയുണ്ടാകാറില്ല. ഒരേ തരത്തിലുള്ള ആളുകൾക്കിടയിലാണ് ഇത് മുളച്ച് വളർന്ന് അനേക ഫലം കായ്ക്കുന്നത്. അറിയപ്പെടുന്ന ഒരു ക്രിക്കററു കളിക്കാരന്, നന്നായി കളിക്കുന്ന മററാരാളോട് അസൂയയുണ്ടാകുന്നു. മത്സര രംഗത്ത് തനിക്ക് എതിരായി മറെറാരാൾ ഉയർന്നു വരുന്നതു കൊണ്ടാകാം അഥവാ തന്റെ സ്ഥാനം മറെറാരാൾ കൈയ്യടക്കുന്നു എന്ന തോന്നലാകാം ഇതിലുള്ളത്. അന്യന്റെ ഉയർച്ചയിൽ സന്തോഷിക്കാൻകഴിയാത്തത് ഒരുപക്ഷേ സ്വാർത്ഥതയാകാം.

അസൂയയുടെ തിക്തമായ ഫലത്തെക്കുറിച്ച് പ്രതിപാദിക്കുന്നതിൽ ബൈബിൾ നിശബ്ദത പാലിച്ചിട്ടില്ല. ദാവീദിനോട് ശൗലിനുണ്ടായ അസൂയ ശൗലിന്റെ ഹൃദയത്തിൽ നിന്നുത്ഭവിച്ച ഒരു മിന്നലായിരുന്നു. ഇസ്രായേലിന്റെ സിംഹാസനാരൂഢനായിതീർന്ന ദാവീദ് ദൈവത്തിന്റെ തെരഞ്ഞെടുപ്പായിരുന്നുവെന്നും അങ്ങനെയുള്ള ദാവീദിനോട് ശൗലിനുണ്ടായ അസൂയ ജ്വലിക്കുന്ന ജ്വാലയായി മാറിയത് എബ്രായ സ്ത്രീകൾ പാടി ദൈവത്തെ പുകഴ്ത്തിയപ്പോഴാണ്. ശൗൽ ആയിരത്തെയെങ്കിൽ ദാവീദ് പതിനായിരത്തെ എന്ന്, അവർ പാടി. അനേക തരുണീമണികളിൽ നിന്നും ഇത്തരത്തിലുള്ള പുകഴ്ച്ച അവർ ദാവീദിന് കൊടുത്തതു കേട്ടപ്പോഴാണ് ശൗലിന്റെ ഉള്ളിൽ അസൂയ ജനിച്ചത്. അത് അവനോടുള്ള വിദ്വേഷമായി മാറി. ആ നിമിഷം മുതൽ അവൻ ദാവീദിനെ വകവരുത്തുവാനുള്ള ശ്രമത്തിലായിരുന്നു.

ആദ്യ സഹോദരൻമാരായിരുന്ന കയ്യീന്റെയും ഹാബേലിന്റെയും ജീവിതത്തിൽ ശത്രുത്വം വളരുവാനും സാഹോദര്യബന്ധം തകർക്കുവാനും ഇടയായ സാഹചര്യവും മറെറാന്നായിരുന്നില്ല. അവർ രണ്ടുപേരും ദൈവത്തിനു യാഗം കഴിച്ചശേഷം നടക്കുന്ന സംഭവവികാസങ്ങൾ ഇതിനുദാഹരണമാണ്. ഹാബേലിന്റെ യാഗത്തിൽ ദൈവം പ്രസാദിക്കുകയും കയ്യീന്റേതിൽ പ്രസാദിക്കാതിരിക്കുകയും ചെയ്തത് അസൂയയുടെ വിത്ത് വിതക്കുവാൻ ഇടയായി. അത് അവരുടെ ബന്ധം ഉലക്കുകയും പ്രതികാരം മൂത്ത മനുഷ്യചരിത്രത്തിൽ ആദ്യത്തെ കൊലപാതകം നടക്കുകയും ചെയ്തു. മുടിയനായ പുത്രന്റെ കഥയും

ഇത്തരത്തിൽ അസൂയ ജനിപ്പിക്കുന്നതിനിടയാക്കിയ സംഭവമായിരുന്നു; തന്റെ സഹോദരൻ തിരിച്ചുവന്നിരിക്കുന്ന വിവരം അറിഞ്ഞ മൂത്ത സഹോദരന് അവനോട് അസൂയയാൽ നീരസമുണ്ടായി. സ്വന്തം പിതാവ് അപേക്ഷിച്ചിട്ടുപോലും അവൻ വീടിനകത്ത് കടപ്പാൻ വിസമ്മതിച്ച് പുറത്തുനിന്നു. അസൂയയെന്ന വാതിൽ മൂത്ത സഹോദരനെയും മുടിയനായ പുത്രനേയും തമ്മിൽ വേർപെടുത്തി. ക്ഷമാപണം എന്ന ദൈവീക ഗുണത്തിനെതിരെ മുടിയനായ തന്റെ സഹോദരനോട് മൂത്തവന് വെറുപ്പാണുണ്ടായിരുന്നത്.

ചിലപ്പോഴ് അസൂയ പരിപാലനശക്തിയെ തന്നെ നശിപ്പിക്കുന്നു. അസൂയ നിറഞ്ഞ ഹാമാൻ മോർദ്ദേഖായിയെ കൊല്ലുവാൻ ആസൂത്രണം ചെയ്തു. അങ്ങനെ യഹൂദൻമാരുടെ മുഴുവൻ വെറുപ്പ് അവൻ സമ്പാദിച്ചു. എന്നാൽ അവൻ മോർദ്ദേഖായിക്കുവേണ്ടി ഒരുക്കിയ കഴുകുമരം സ്വന്തം മരണത്തിന് ഉപയോഗിക്കപ്പെട്ടു. തന്റെ ഉള്ളിൽനിന്നും പുറപ്പെട്ട അസൂയ ഒരു കോയിൽ എടുത്താൽ വീണ്ടും സ്വയം ചുററുന്നതുപോലെ ഹാമാനിലേക്ക് വന്ന അസൂയയുടെ ഫലം അവന് അനുഭവിക്കേണ്ടി വന്നു. (സംഖ്യാ പുസ്തകം 32:23, റോമർ 6:23). അസൂയയിൽനിന്നാണ് കുഴപ്പങ്ങൾ ഉണ്ടാകുന്നതെന്ന് നിങ്ങൾ മനസിലാക്കിയിട്ടുണ്ടോ? (ഗലാത്യർ 6:7).

വീണ്ടും നിഷ്കളങ്കവും തെററിദ്ധാരണമൂലവും ചില അവസരങ്ങളിൽ അസൂയ ജനിക്കാറുണ്ട്. യാക്കോബിന്റെ സ്നേഹത്തിന്റെ കേന്ദ്രബിന്ദുവായിരുന്നു യൗസേഫ്. ഇളയമകനായതുകൊണ്ടാകാം അവനോടു കൂടുതൽ വാൽസല്യം ഉണ്ടാകാൻ കാരണം. അത് മററു സഹോദരങ്ങൾക്കിടയിൽ അസൂയയുണ്ടാക്കി തീർത്തു. അതുകൊണ്ട് ഈ സ്വപ്നക്കാരനെ അവരുടെ ഇടയിൽനിന്നും ഓടിക്കുവാൻ തീരുമാനിച്ചു. അങ്ങനെ അവർ യൗസേഫിനെ ഇസ്മായേല്യരായ കച്ചവടക്കാർക്ക് വിൽക്കുകയാണുണ്ടായത്. അസൂയ എന്തെല്ലാം കാര്യങ്ങളാണ് മനുഷ്യനെക്കൊണ്ട് ചെയ്യിപ്പിക്കുന്നത്. നമ്മുടെ സങ്കൽപ്പങ്ങൾക്കതീതമായ സംഭവവികാസങ്ങളാണ് അതിന്റെ അനന്തരഫലങ്ങൾ എന്നു നാം അറിഞ്ഞിരിക്കണം.

നമുക്കറിയാം ഈ അസൂയ മനുഷ്യരെക്കൊണ്ട് എത്രയെത്ര പരദൂഷണങ്ങൾ പറയിപ്പിക്കുന്നു. വാസ്തവത്തിൽ അതെത്ര നിഷ്പ്രയോജനമാണ് എന്നവർ ചിന്തിക്കാറില്ല. സ്നേഹിതകളായിരുന്ന രണ്ടു പെൺകുട്ടികൾ സുന്ദരനായ ഒരു യുവാവിനെ സ്നേഹിച്ചു അവരിൽ ഒരാൾക്ക് അവനെ കിട്ടുവാൻ ഭാഗ്യം ലഭിച്ചു. ഈ നിരാശയെന്ന കൈപ്പ് കടിച്ചിറക്കുക എന്നത് മറെറ പെൺകുട്ടിയെ സംബന്ധിച്ചിടത്തോളം എളുപ്പമായിരുന്നില്ല. ഈ പ്രേമനൈരാശ്യം അവളുടെ ഉത്ത-

സ്നേഹിതരോടു അസൂയാലുവായിത്തീർന്നു. അങ്ങനെ അവർ തമ്മിൽ അകലുവാനും ഇടവന്നു.

അനേകം ദേവന്മാരിൽ ഒന്നിനെപ്പോലെ അസൂയയെ വെച്ചാരാധിക്കുന്ന ക്രിസ്ത്യാനികളും വിരളമല്ല. സഭാപരമായ പ്രവർത്തനങ്ങളിൽ ഈ ദുസ്സ്വഭാവം പ്രകടനം കാഴ്ചവെക്കുന്നവരാണ് മിക്കവാറും. നമ്മുടെ വിഭാഗങ്ങളുടെ ഔദ്യോഗിക പദവികളിലേക്കുള്ള തെരഞ്ഞെടുപ്പ് രംഗങ്ങളിലും ഇതു പൊങ്ങിവരാറുണ്ട്. പരാജയം സംഭവിച്ചയാൾക്ക് വിജയിയോടും അവനെ വിജയത്തിലെത്തിച്ച വ്യക്തികളോടും അസൂയയാൽ വിദ്വേഷം ജനിക്കുന്നു. ഇത് അകാരണമായ വികാരത്തിനും നിയന്ത്രണരഹിതമായ പെരുമാറ്റത്തിനും കാരണമായിത്തീരുന്നു. നാമെന്ന ഭാവം എല്ലായ്പോഴും ഒരുപോലെയാകാത്തതും ഇതുകൊണ്ടു തന്നെ. ഇതിനെല്ലാം പുറമെ തിരഞ്ഞെടുപ്പിൽ അഴിമതിയുണ്ടെന്ന ആരോപണവുമായി നീതിന്യായ കോടതിയെ സമീപിക്കുന്നു. ഈ വിധത്തിലുള്ള ശണ്ഠയും പിണക്കവും ക്രിസ്ത്യാനികൾക്ക് യോജിച്ചതല്ല. ക്രിസ്തുവിന്റെ ഉപദേശവുമായി ഇതിനു യാതൊരു ബന്ധവുമില്ല. ആകയാൽ അസൂയ വിശുദ്ധ സ്ഥാപനങ്ങളെ മാത്രമല്ല സമൂഹത്തെ മുഴുവനായി ലജ്ജിപ്പിക്കുകയാണ് ചെയ്യുന്നത്. ഇതു പോലെയുള്ള ദുഷ്പ്രവൃത്തികൾ കാണുമ്പോൾ അക്രൈസ്തവർ പറഞ്ഞുപോകും 'ഞങ്ങൾക്ക് ക്രിസ്ത്യാനികളെയല്ല; ക്രിസ്തുവിനെയാണ് വേണ്ടത്' എന്ന്. ഇന്നത്തെ സമൂഹത്തിന് ക്രിസ്ത്യാനികൾ എന്നു പറയുന്നവർ കാഴ്ചവെച്ചിട്ടുള്ളത് അങ്ങനെയുള്ള പ്രവൃത്തികളാണ്.

ഉപദേഷ്ടാക്കന്മാരും സുവിശേഷകന്മാരും ഈ ദുഷ്പ്രവണതക്ക് ഇരയായിത്തീരുന്നുണ്ട്. ഒരു സുവിശേഷകനെക്കാൾ പ്രാഗത്ഭ്യം മറ്റൊരാൾക്ക് ഉണ്ടാകുമ്പോൾ സ്വാഭാവികമായും ചിലരിൽ ഇതു കാണപ്പെടുന്നു. എന്നാൽ ഈ ആത്മീയന്മാരിൽ ഇതുണ്ടാകാൻ പാടില്ലാത്തതാണ്. സഭയുടെ ആരോഗ്യത്തിന് ഇത് ഹാനികരമായിത്തീരുമെന്നതിന് യാതൊരു സംശയവുമില്ല.

അസൂയയുടെ പ്രവൃത്തി ദോഷകരമായിത്തീരുന്നത് പല വിധത്തിലാണ്. പലരേയും അതു നശിപ്പിക്കത്തക്കതുമാണ്. സ്നേഹിതരെ ശത്രുക്കളാക്കിമാറ്റുന്നു. സഹോദരന്മാർക്കു മദ്ധ്യേയുള്ള സ്നേഹത്തിന് ഉലച്ചിൽ തട്ടുന്നു. കുടുംബങ്ങളെ, ബന്ധുക്കളെ തമ്മിൽ അകറ്റുക തുടങ്ങിയ നിരവധി സംഭവങ്ങൾ നമുക്കു ചുറ്റും കാണപ്പെടുന്നുണ്ട്. ഒരേ കുടുംബത്തിലുള്ളവർക്കുപോലും വിദ്വേഷവും വെറുപ്പും ഉളവാക്കുന്നതും നമുക്കു കാണാവുന്നതാണ്. ഇത് കുടുംബത്തിലും സമൂഹത്തിലും രാഷ്ട്രീയത്തിൽ തന്നെയും സന്തോഷവും സമാധാനവും കെടുത്തിക്കളയുന്നു. ഇത് സാമൂഹ്യവും രാഷ്ട്രീയവും

ആയ ചുററുപാടുകളിൽ സ്നേഹമയമായ കൂട്ടായ്മ ഇല്ലാതാക്കി മാററി ക്രിസ്തീയ സ്വഭാവ ഗുണങ്ങൾക്കുപകരം പകയും പിണക്കവും ഉണ്ടാക്കിതീർക്കുന്നു. ദുർന്നടപ്പ്, അതിരാഗം, അശുദ്ധി, മദ്യപാനം, വിഗ്രഹാരാധന, ഭിന്നത, വെറിക്കൂത്ത്, അത്യാഗ്രഹം, എന്നീ പാപങ്ങളെപ്പോലെ ഒന്നാണ് ഈ അസൂയയെന്ന് ബൈബിൾ ചൂണ്ടിക്കാണിക്കുന്നു. ആകയാൽ അസൂയവെച്ച് പുലർത്തുന്ന വ്യക്തിക്ക് ദൈവം വെച്ചിരിക്കുന്ന പ്രതിഫലം കിട്ടാതെപോകയില്ല (റോമർ 1:32, ഗലാത്യർ 5:21).

ആർക്ക് അസൂയയെ അതിജീവിക്കുവാൻ കഴിയും? സാത്താന്റെ പ്രവൃത്തിയുടെ വ്യാപ്തിയും മനുഷ്യവർഗ്ഗത്തിൽ അസൂയ ചെലുത്തുന്ന സ്വാധീനവും എത്രമാത്രം അപാരമാണെന്ന് ഇത് വ്യക്തമാക്കുന്നു. മറെറാരർത്ഥത്തിൽ പറഞ്ഞാൽ, മനുഷ്യരിലുള്ള എല്ലാ നന്മയുടെ ശക്തിയിന്മേലും തിന്മയുടെ ശക്തി ആധിപത്യം നടത്തുന്നത് അസൂയയുടെ ഫലമായിട്ടാണെന്നു കാണാം.

നല്ല വിദ്യാഭ്യാസമുള്ള, സംസ്കാരമുള്ള, ധാർമ്മികമൂല്യമുള്ള, ഉയർന്ന ജനനമുള്ള സാമൂഹികമായ അംഗീകാരമുള്ള ആളുകൾ നമുക്ക് ചുററുപാടും ഉണ്ട്. എന്നാൽ അവരും ഈ അസൂയക്കിരയായിത്തീരാറുണ്ട്. ചുരുക്കി പറഞ്ഞാൽ ഈ അസൂയ എല്ലാ തലങ്ങളിലുമുള്ള ആളുകളിലും നമുക്കു കണ്ടെത്താം. അപ്പോൾ നമുക്ക് ഇതിന്റെ പിടിയിൽ നിന്ന് എങ്ങനെ ഒഴിഞ്ഞുമാറാം എന്നതാണ് പ്രശ്നം.

ക്രിസ്തീയ ജീവിതത്തിലെ മർമ്മത്തെ തന്നെ ആക്രമിക്കുന്ന ഈ അസൂയക്കിരയായിത്തീരുന്നതിൽ നാം തുടർന്നുകൊണ്ടിരിക്കേണമോ? അങ്ങനെയായാൽ അതു നമ്മുടെ ആത്മീയ വളർച്ചയെ തളർത്തുകയും ഇല്ലാതാക്കുകയും ചെയ്യും. ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങളാണ് ഓരോ ക്രിസ്ത്യാനികളും എന്ന് നാം അറിഞ്ഞിരിക്കണം (1 കൊരിന്ത്യർ (12:12–26). ശരീരത്തിലെ ഒരവയവമായ ഹൃദയം ജീവിതത്തിൽ മുഴുവൻ സമയവും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ വിശ്രമവേളകൾ അനുഭവിക്കുന്ന മററവയവങ്ങളോട് ഹൃദയത്തിന് അസൂയ ഉണ്ടാകാറില്ല. അതുപോലെ ക്രിസ്തുവിന്റെ ശരീരത്തിലെ അവയവമെന്നിരിക്കെ അതേ ശരീരത്തിലെ മറെറാരവയവത്തിനുണ്ടാകുന്ന സമൃദ്ധിയിലും ഉയർച്ചയിലും ഞാൻ അസൂയപ്പെടരുത്. ഇതിൽ അടങ്ങിയിരിക്കുന്ന സത്യം നാം മനസ്സിലാക്കുകയാണെങ്കിൽ നമ്മുടെ സഹോദരനുണ്ടാകുന്ന സമ്പൽ സമൃദ്ധിയോ ഭാഗ്യാവസ്ഥയോ നമ്മുടേതുകൂടെയാണ് എന്ന് നാം അറിഞ്ഞിരിക്കണം. കാരണം അതു ശരീരം മുഴുവൻ യുക്തമായി ഏകീഭവിക്കേണ്ട

തീനു ഉതകുന്നു. അതുകൊണ്ടു നമ്മുടെ ഹൃദയത്തെ ഒരു അസൂയാലയമായി സൂക്ഷിക്കാതെ നമ്മുടെ വിവേചനാശക്തി ദൈവീക പരിജ്ഞാനത്തിനൊത്തവണ്ണം ഉയർത്തിയെടുക്കുക.

സ്വാഭാവികമായി അസൂയയെ അതിജീവിക്കാൻ ആഗ്രഹിക്കുന്ന വ്യക്തി സ്നേഹവും സാമൂഹ്യബന്ധവും ആത്മീയവളർച്ചയും ആയിരിക്കും സംഭാവന ചെയ്യുന്നത്. പരസ്പരസ്നേഹത്തിൽ അടിസ്ഥാനപ്പെടുത്തിയ ബന്ധം അസൂയയുടെ പോറലുകൾ മായ്ക്കപ്പെടുന്നു. ''നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്ക എന്ന കർത്താവിന്റെ കല്പനയിൽ, സാഹോദര്യ ബന്ധത്തിന്റെ ഭാവം വ്യക്തമാണ്. ഇതു പ്രായോഗികമാക്കിതീർക്കുന്ന ആളിൽ അസൂയക്ക് സ്ഥാനമില്ല. നാം മററാരെയും അസൂയപ്പെടാതിരിക്കുകയും മററുള്ളവർ നമ്മെ അസൂയപ്പെടുന്നു എന്നു ധരിക്കാതിരിക്കുകയും ചെയ്യുക.

കുടുംബത്തിൽ സന്തോഷം, സഭയിൽ പരിപാവനത, സാമൂഹ്യജീവിതത്തിൽ ശക്തമായ കൂട്ടുകെട്ട് എന്നിവ ഉറപ്പാക്കുവാൻ സ്നേഹമാണാവശ്യം. അസൂയക്കുള്ള പ്രതിവിധി ഇതുപോലെയുള്ള സാഹോദര്യസ്നേഹമാണ്. സ്നേഹവും അസൂയയും ഒരുമിച്ച് വസിക്കുവാൻ സാദ്ധ്യമല്ല. അസൂയയെയും അതിന്റെ സ്വാധീനതയേയും ഇല്ലാതാക്കുന്നതു സ്നേഹമാണ്.

യേശുക്രിസ്തുവും അപ്പോസ്തലൻമാരായിരുന്ന പത്രോസ്, യോഹന്നാൻ, പൗലോസ് തുടങ്ങിയവർ പരസ്പര സ്നേഹത്തിന്റെ പ്രാധാന്യത്തെ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിരിക്കുന്നു. വിശ്വാസത്തെക്കാളും പ്രത്യാശയേക്കാളും മഹത്തായ സ്നേഹം നമ്മുടെ ജീവിതത്തിൽ വാഴുകയാണെങ്കിൽ അസൂയ നീങ്ങപ്പെടുകയും, ക്രിയാത്മകമായ കുടുംബവും ആരോഗ്യപ്രദമായ സഭയും വളർത്തിയെടുക്കാൻ കഴിയും. അങ്ങനെ സ്വർഗ്ഗം സന്തോഷിക്കുവാൻ ഇടവരും.

# അപ്പോസ്തലൻമാർ

(6-ാം പേജിന്റെ തുടർച്ച)

തന്റെ ഏക പുത്രനായ ക്രിസ്തുവിനെ മനുഷ്യരാശിയുടെ രക്ഷക്കായി ഈ ലോകത്തിലേക്ക് അയക്കുമെന്നും, ഒരു പുതിയ നിയമം നൽകുമെന്നും ഒരു രാജത്വം സ്ഥാപിക്കുമെന്നും ദൈവം, പഴയനിയമ പ്രവാചകൻമാർ മുഖാന്തരം അരുളിച്ചെയ്തിരുന്നു (യെശയ്യാ 42: 19; യിരമ്യ 31: 31; ദാനി 2: 44). ഏകദേശം രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് കന്യകമറിയാമിൽ കൂടി (യെശയ്യാ 7: 14) യേശു ജനിച്ചപ്പോൾ പുത്രനായ ക്രിസ്തുവിനെ അയയ്ക്കുമെന്നുള്ള ദൈവത്തിന്റെ അരുളപ്പാട് നിവൃത്തിയായി. ക്രിസ്തുവിന്റെ ഐഹിക ജീവിതകാലത്തു അവന് അനേകം ശിഷ്യൻമാർ ഉണ്ടായിരുന്നു എങ്കിലും അവരിൽ പന്ത്രണ്ടു പേരെ മാത്രം അവൻ പ്രത്യേകം തിരഞ്ഞെടുക്കുകയും, അവർക്കു അപ്പോസ്തലൻമാർ എന്ന് പേർ വിളിക്കുകയും ചെയ്തു (ലൂക്കോ 6: 13, 16). അവർക്കു പ്രത്യേക പദവികൾ ഒന്നുമില്ലെന്നും അവർ പരസ്പരം സഹോദരൻമാരാണെന്നും ക്രിസ്തു അവരെ പ്രത്യേകം പഠിപ്പിച്ചു. (മത്താ. 23: 8–12; മർക്കോ 9: 33–35; ലൂക്കോ 9: 46–48; യോഹ 13: 12–15).

എന്നാൽ മററു ശിഷ്യൻമാരെല്ലാം തന്നെ അവനെ വിട്ടു പിരിഞ്ഞതായും ഒടുവിൽ അപ്പോസ്തലൻമാർ മാത്രം ശേഷിച്ചതായും വെളിപ്പെടുന്നു. ''നിങ്ങളെ പന്ത്രണ്ടു പേരെ ഞാൻ തിരഞ്ഞെടുത്തില്ലയോ'' എന്നു പറഞ്ഞതും ''സത്യത്താൽ അവരെ വിശുദ്ധീകരിക്കേണമേ'' എന്നു പ്രാർത്ഥിച്ചതും അപ്പോസ്തലൻമാരെ മാത്രം ഉദ്ദേശിച്ചുകൊണ്ടത്രെ. (യോഹ 6: 66–70; യോഹ 17: 17; യോഹ 17: 8–12) തന്റെ അന്ത്യ അത്താഴത്തിൽ പങ്കാളികളാകുവാനുള്ള അവകാശവും അവൻ നൽകിയത് അപ്പോസ്തലൻമാർക്കു മാത്രമാണ് (യോഹ 6: 53-58; ലൂക്കോ 22: 7–20). ആയതിനാൽ ക്രിസ്തു അപ്പോസ്തലൻമാരെ പ്രത്യേകം തിരഞ്ഞെടുത്തത് മഹത്തായ ഒരു ലക്ഷ്യ നിർവ്വഹണത്തിനായിരുന്നു എന്നു മനസ്സിലാക്കാം. (ലൂക്കോ 24: 46–48).

ഇപ്രകാരം പ്രാർത്ഥിക്കുവാൻ ക്രിസ്തു ഒരിക്കൽ തന്റെ അപ്പോസ്തലൻമാരെ പഠിപ്പിച്ചു. 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ;....നിന്റെ രാജ്യം വരേണമേ; നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ;.......(ലൂക്കോ 11:2–4) എന്നും 'മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പീൻ' (മത്താ 6:33) എന്നും ക്രിസ്തു അവരോട് ആഹ്വാനം ചെയ്തു. പിന്നീട് 'നിങ്ങളോ എന്നെ ആർ എന്നു പറയുന്നു എന്ന് അവൻ ചോദിച്ചതിന്ന് ശീമോൻ പത്രോസ്, നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്നുത്തരം പറഞ്ഞു (മത്താ 16:15–16). 'നീ പത്രോസ്

ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും" (മത്താ 16:18) എന്ന് ക്രിസ്തു പത്രോസിനോടു പറഞ്ഞു. ആ പാറ ക്രിസ്തുവാണെന്ന് തിരുവചനം പഠിപ്പിക്കുന്നു. (1 കൊരി 10:4) തന്റെ ക്രൂശുമരണം ഉയിർപ്പ് ഇവയെപ്പററിയും അപ്പോസ്തലന്മാരോടു ക്രിസ്തുപറഞ്ഞിരുന്നു (മത്താ 16:21).

ക്രിസ്തു ദൈവപുത്രനാണെന്ന് വിശ്വസിച്ച അപ്പോസ്തലന്മാർ സകലവും വിട്ട് അവനെ അനുഗമിച്ചു (മത്താ 19:27; യോഹ 6:66–70). മററാരും അതിന് മനസ്സുവച്ചില്ല (മത്താ 19:21–22). ഒടുവിൽ സകല മാനവരാശിയുടെയും രക്ഷക്കായി ക്രിസ്തു കുരിശിൽ മരിക്കയും അടക്കപ്പെട്ട് മൂന്നാം നാൾ ഉയിർത്തെഴുന്നേൽക്കയും ചെയ്തു. ഇങ്ങനെ സംഭവിക്കേണ്ടതാണെന്നും, അവന്റെ നാമത്തിൽ ഉള്ള രക്ഷയുടെയും സുവിശേഷം സകല ജാതികളും പ്രസംഗിക്കപ്പെടണമെന്നും വെളിപ്പെടുത്തുന്നു. ഈ സുവിശേഷം പ്രസംഗിക്കുന്നതിനാണ് ക്രിസ്തു അപ്പോസ്തലന്മാരെ പ്രത്യേകം തിരഞ്ഞെടുത്തതെന്ന് നമുക്ക് മനസ്സിലാക്കാം (മത്താ 28:19–20; ലൂക്കൊ 24:46–49; മർക്കൊ 16:15–16; യോഹ 15:16). ഇക്കാരണത്താലാണ് 'ഞാൻ അയക്കുന്നവനെ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു; എന്നെ കൈക്കൊള്ളുന്നവൻ എന്നെ അയച്ചവനെ കൈക്കൊള്ളുന്നു' (യോഹ 13:20; യോഹ 20:21) എന്ന് ക്രിസ്തു പറഞ്ഞത്.

ഉയിർത്തെഴുന്നേററു ക്രിസ്തു വീണ്ടും തന്റെ അപ്പോസ്തലന്മാർക്കു പ്രത്യക്ഷനായി അവരോട് ഇപ്രകാരം പറഞ്ഞു, "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു" (മത്താ 28: 18). ക്രിസ്തുവിന്റെ ക്രൂശു മരണത്തിന് മുമ്പ് അവൻ അപ്പോസ്തലന്മാരോട് കൂടെ സഞ്ചരിക്കുന്ന കാലത്ത് സകല അധികാരവും അവനു ലഭിച്ചിരുന്നില്ല. അക്കാലത്ത് ക്രിസ്തുവും അപ്പോസ്തലന്മാരും ന്യായപ്രമാണത്താൽ ഭരിക്കപ്പെട്ടിരുന്നു. എന്നാൽ ഉയിർത്തെഴുന്നേററ ശേഷം സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും ലഭിച്ചതിനാൽ ന്യായപ്രമാണത്തിന് ക്രിസ്തുവിന്റെ മേലും, അതിന്നധീനരായിരിക്കുന്ന എല്ലാവരുടെ മേലും ഉള്ള അധികാരം അവസാനിച്ചു. (മത്താ 28:18; യോഹ 17: 2). കാരണം മോശ യിസ്രായേലിനും ദൈവത്തിനുമിടയിൽ ഒരു മദ്ധ്യസ്ഥൻ മാത്രമായിരുന്നു (ആവ 5: 1–5). ആയതിനാൽ ന്യായപ്രമാണം (പഴയനിയമം) യിസ്രായേലിനെ ക്രിസ്തുവിങ്കലേക്ക് നടത്തുകയും ക്രിസ്തുവിനു ലഭിച്ച അധികാരം (മത്താ 28: 18) സ്വർഗ്ഗത്തിലും ഭൂമിയിലും സകല ജഡത്തിൻമേലുമായി വ്യാപരിപ്പിക്കയും ചെയ്തു (ഗലാ. 3: 23–25; ഗലാ 4: 4–7; എഫെ 1: 20, 23; എബ്രാ 1 : 1_4; പ്രവൃ 3:2–26).

ഇന്ന് ക്രിസ്ത്യാനികളെന്ന് അവകാശപ്പെടുകയും പഴയ നിയമവും ആചരിക്കയും ചെയ്യുന്നവർ ക്രിസ്തുവിന്റെ ഈ പരമാധികാരത്തെ ദുർബലമാക്കുകയാണെന്ന് ഇതിൽനിന്നും മനസ്സിലാക്കാം (എഫെ 1: 20–23; എബ്രാ 1:1–4; മത്താ 28: 18). ക്രിസ്തുവിന്റെ ഈഅധികാരത്തിൻമേലാണ് സ്വർഗ്ഗാരോഹണവേളയിൽ അവൻ തന്റെ അപ്പോസ്തലൻമാരോട് ഇപ്രകാരം കല്പിക്കുന്നത് 'നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ. വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും' (മർക്കൊ 16: 15–16) എന്ന്. തുടർന്നുള്ള ആദ്യത്തെ പെന്തക്കൊസ്തു നാൾ മുതൽ അവർ ആ സുവിശേഷം പ്രസംഗിക്കുവാൻ ആരംഭിച്ചു. ഒരു പുതിയ നിയമം ചെയ്യും എന്നുള്ള ദൈവത്തിന്റെ അരുളപ്പാട് ഇതോടെ നിവൃത്തിയാകുകയും ചെയ്തു (യിരമ്യ 31:31; എബ്രാ 9; 15–17).

അന്ന് മൂവായിരത്തോളം പേർ ആ സുവിശേഷാനുസരണം അഥവാ പുതിയ നിയമപ്രകാരം രക്ഷിക്കപ്പെട്ടു. തുടർന്നും അനേകർ രക്ഷിക്കപ്പെടുകയും കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോട് ചേർക്കയും ചെയ്തു (പ്രവൃ 21:14–47).

ഇപ്രകാരം രക്ഷിക്കപ്പെട്ടവർക്കാണ് അന്ത്യോക്യയിൽ വെച്ച് ക്രിസ്ത്യാനികൾ എന്നു പേരുണ്ടായത് (പ്രവൃ 11:26) 'ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും' (മത്താ 16:18) എന്നുള്ള ക്രിസ്തുവിന്റെ വാഗ്ദത്തവും, ഒരു രാജത്വം സ്ഥാപിക്കുമെന്നുള്ള ദൈവത്തിന്റെ അരുളപ്പാടും (ദാനി 2:44) ഇതോടെ നിവൃത്തിയായി (പ്രവൃ 2;47; കൊലൊ 1:13; വെളി 1:6). ഇങ്ങനെ അപ്പോസ്തലന്മാരുടെ പ്രാർത്ഥനക്ക് (ലൂക്കോ 11;24) ഫലം ലഭിക്കയും, അവർ അന്വേഷിച്ച ദൈവത്തിന്റെ രാജ്യവും നീതിയും (മത്താ 6;33) യഥാർത്ഥ്യമാകയും ചെയ്തു.

ദൈവരാജ്യം, സ്വർഗ്ഗരാജ്യം, സഭ, എന്നെല്ലാം പറയുന്നത് ദൈവത്തിന്റെ (ക്രിസ്തുവിന്റെ) സഭയാണ് [മത്താ 16:18–19; റോമ 16:16; ഗലാ 1:22]. വിവിധ നാമങ്ങളോടുകൂടിയ സമുദായസംഘടനകളെക്കുറിച്ച് സത്യവേദപുസ്തകം ഒന്നും പഠിപ്പിക്കുന്നില്ല. ആയതിനാൽ ക്രിസ്തു സ്ഥാപിച്ച സഭ ഏതെന്നും സാക്ഷാൽ ക്രിസ്തീയ ജീവിതം എന്തെന്നും മനസ്സിലാക്കുവാൻ നാം പുതിയനിയമം ക്രമാനുസരണം പഠിക്കണം. ഈ ലോകത്തിൽ ആദ്യം ക്രിസ്ത്യാനികൾ എങ്ങിനെയുണ്ടായി? സഭ എങ്ങനെ ഉണ്ടായി? അത് ഏതു സഭ? പെന്തക്കൊസ്തുനാൾ മുതൽ പ്രസംഗിച്ച സുവിശേഷം അനുസരിച്ചു മനുഷ്യർ രക്ഷിക്കപ്പെട്ടു [മർക്കോ 16;15–16] രക്ഷിക്കപ്പെട്ടവരെ കർത്താവു സഭയോടുചേർത്തു [പ്രവൃ 2;47]. അവർക്ക് അന്ത്യോക്ക്യയിൽ വച്ച്

ക്രിസ്ത്യാനികൾ എന്ന് പേരുണ്ടായി [പ്രവൃ 11:26]. അത് ഏതു സഭ? ക്രിസ്തുവിന്റെ സഭ [മത്താ 16:18; പ്രവൃ 2:47; റോമ 16:16; ഗലാ 1:22]. വേറൊരു സുവിശേഷം ദൈവം നൽകിയിട്ടില്ല. വേറെ സുവിശേഷം നൽകുന്നവർ ശപിക്കപ്പെട്ടവരാണെന്ന് പഠിപ്പിക്കുന്നു. [ഗലാ 1:6–9].

എന്നാൽ എങ്ങനെയാണ് രക്ഷിക്കപ്പെടുന്നത് ? സുവിശേഷത്തിൽ വിശ്വസിക്കണമെന്ന് ക്രിസ്തു കല്പ്പിച്ചു. (മർക്കൊ 16: 15–16). വിശ്വാസം ഉണ്ടാകുന്നത് സുവിശേഷം കേൾക്കുമ്പോഴാണ് (റോമ. 10. 14–17) ആയതിനാൽ സുവിശേഷം കേട്ടു വിശ്വസിക്കയും മാനസാന്തരപ്പെടുകയും വേണം. ലൂക്കൊ. 13: 3; പ്രവൃ 2: 38) ക്രിസ്തുവിനെ ഏററുപറകയും [മത്താ 10: 32]; പ്രവൃ. 8:37; റോമ. 10: 9–10] പാപങ്ങളുടെ മോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽക്കയും ചെയ്യണം. [പ്രവൃ 2: 38] സ്നാനപ്പെടുമ്പോൾ സ്നാനപ്പെടുത്തുന്നവർ നമ്മെ പിതാവിന്റെയും, പുത്രന്റെയും. പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനപ്പെടുത്തുന്നു [മത്താ. 28: 19]. അപ്പോൾ നമുക്ക് പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കുന്നു. ] പ്രവൃ. 2: 38–39] ഇങ്ങിനെ നാം പുതുതായി ജനിക്കുന്നു, അഥവാ രക്ഷിക്കപ്പെടുന്നു. [യോഹ 3:3–5; മർക്കൊ 16:15–16]. കർത്താവ് നമ്മെ സഭയോട് ചേർക്കയും ] പ്രവൃ: 2:47] നാം സാക്ഷാൽ ക്രിസ്ത്യാനികളാകയും ചെയ്യുന്നു [പ്രവൃ 11: 26].

അപ്പോൾ നാം എല്ലാവരും ഭാഗ്യവാൻമാരാകുന്നു. [മത്താ. 5: 2–12] അപ്പോസ്തലൻമാരുടെ പ്രാർത്ഥനയുടെ ഫലം [ലൂക്കോ 11:2–4] നമുക്കും ലഭിക്കുന്നു. അന്വേഷിപ്പാൻ കൽപ്പിച്ച അവന്റെ രാജ്യവും നീതിയും [മത്താ 6:33] നാം യാഥാർത്ഥ്യമാക്കുന്നു. ദൈവത്തിന്റെ ഇഷ്ടം [മത്താ. 7:21] നാം നിവൃത്തിക്കുന്നു. പാറമേൽ അടിസ്ഥാനമിട്ടു വീടു പണിത ബുദ്ധിയുള്ള മനുഷ്യനോട് നാം തുല്യരാകുന്നു [മത്താ 6:24]. വെള്ളത്താലും ആത്മാവിനാലും നാം ജനിക്കുന്നു [യോഹ3:5. ] നാം തിരിഞ്ഞു ശിശുക്കളെപ്പോലെ ആയിവരുന്നു. [മത്താ. 18:3] ഇങ്ങനെ നമ്മുടെ വിശ്വാസം നമ്മെ രക്ഷിക്കുന്നു [മർക്കൊ. 16: 15–16]. തുടർന്നുള്ള നമ്മുടെ ജീവിതവും അപ്പോസ്തലൻമാരുടെ ഉപദേശപ്രകാരം മാത്രം ആയിരിക്കണം [പ്രവൃ 2:42, യോഹ 4,6] കാരണം ക്രിസ്തു അവരെ അയച്ചത് ക്രിസ്തുവിനു പകരമാണെന്ന് പഠിപ്പിക്കുന്നു. [യോഹ. 13:20; യോഹ. 20: 21; 2 കൊരി. 5:19–20]. എന്തുകൊണ്ടെന്നാൽ അവരുടെ വചനത്താൽ വിശുദ്ധീകരിക്കപ്പെട്ടാണ് നാം നിത്യജീവൻ പ്രാപിക്കുന്നത്. [യോഹ 17: 16–21] [റോമ. 6:17–22].

# പുതിയ നിയമസഭ

**ജോൺ എം. ഹർട്ട്**

പുതിയ നിയമത്തിൽ കാണുന്നതിൽ നമുക്ക് ഏററവും കൂടുതലനുഭൂതി ഉളവാക്കുന്ന കാര്യങ്ങളിലൊന്ന് ദൈവത്തെ ആരാധിക്കുന്നതിലും ശുശ്രൂഷിക്കുന്നതിലും ആദ്യക്രിസ്ത്യാനികൾ കാണിച്ച മഹത്തായ ഐക്യതയാണ്. ആരാധനാ രീതിയിൽ മാത്രമല്ല അവർ ഒരുമനപ്പെട്ട് ഉപദേശങ്ങളിലും ഐകമത്യപ്പെട്ടിരുന്നു (പ്രവൃ 2:42,46). സാധാരണവും വേദപരവുമായ രണ്ടു ചരിത്രങ്ങളിലും പൊതുവായി സ്വീകരിക്കപ്പെട്ട സത്യങ്ങളിൽ ഒന്ന് അപ്പോസ്തലന്മാരുടെ കാലത്ത് പ്രത്യേക സമുദായങ്ങൾ ഇല്ലായിരുന്നുവെന്നും എല്ലാ വിശ്വാസികളായ ക്രിസ്ത്യാനികളും ലോകത്തിലെല്ലാടവുമുള്ള മററു ക്രിസ്ത്യാനികളുമായി പൂർണ്ണ സഹകരണത്തിലായിരുന്നുവെന്നുള്ളതാകുന്നു, (1 യോഹ: 1:7,2 കൊരിന്ത്യർ 8:18).

ഇങ്ങനെയുള്ള ഐക്യതയ്ക്കുള്ള പ്രധാന കാരണം അപ്പോസ്തലന്മാരുടെ ഉപദേശത്തിലുള്ള യോജിപ്പാണ്. ഉദാഹരണമായി പൗലോസ് റോമയിൽ ചെന്നപ്പോൾ താൻ എഫെസോസ്, കൊരിന്ത്യ, ഗലാത്യ എന്നിവിടങ്ങളിലും ലോകത്തിൻെറ മറെറല്ലാ ഭാഗങ്ങളിലും പ്രസംഗിച്ച അതേ ഉപദേശങ്ങളാണ് അവിടെയും പ്രസംഗിച്ചത്. അതുകൊണ്ട് ഒരു പ്രത്യേക സഭാ വിഭാഗങ്ങളും തൻെറ ഉപദേശങ്ങൾ കൊണ്ട് ഉണ്ടായിട്ടില്ല (പ്രവൃ 15:36; റോമ 15:19). ദൈവാത്മാവുള്ള മററു ഉപദേശകന്മാരുടെ കാര്യത്തിലും ഇങ്ങനെതന്നെയായിരുന്നു. ദൈവത്തിൻെറ ആത്മാവിനാൽ നയിക്കപ്പെട്ടതുകൊണ്ട് ഭിന്നതയുള്ള ഉപദേശങ്ങളോ രീതികളോ പഠിപ്പിച്ചിട്ടില്ല, അങ്ങനെ വിഭിന്ന സഭാവിഭാഗങ്ങൾ സ്ഥാപിച്ചിട്ടുമില്ല (യോഹ 16:13; 14:26;2 തിമൊ: 3:16) സഭ (Church) എന്നല്ലാതെ ബഹുവചനത്തിലുള്ള 'സമുദായങ്ങൾ' എന്നു പുതിയനിയമത്തിൽ നാം വായിക്കുന്നില്ല. ഉദാഹരണമായി പ്രവൃ; 2:47–ൽ 'കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോട് ചേർത്തിരുന്നു എന്നു നാം വായിക്കുന്നു. മത്താ 16:18–ൽ കർത്താവ് പറയുന്നു' ........ ഈ പാറമേൽ ഞാൻ എൻെറ **സഭയെ** പണിയും പാതാള ഗോപുരങ്ങൾ **അതിനെ** ജയിക്കയില്ല'.

അങ്ങനെ പുതിയ നിയമ സഭയുടെ ഏകത്വ സ്വഭാവവും ഇന്നത്തെ മതലോകത്തിലെ ധാരാളമായുള്ള വിഭജന അവസ്ഥയും തമ്മിൽ വളരെയധികം അകൽച്ചയുള്ളതായി കാണാം. എന്തിന്, അല്ലെങ്കിൽ എങ്ങനെയാണ് അനേകം ആധുനിക സമുദായങ്ങൾ രൂപീകരിക്കപ്പെട്ടതെന്ന് അടുത്ത ലേഖനത്തിൽ നിന്നും നമുക്ക് മനസ്സിലാക്കാം. എന്നാൽ ഈ പഠനത്തിൽ മററുള്ള ആധുനിക സമുദായങ്ങളെയെല്ലാം ഒന്നു മാററി നിർത്തിക്കൊണ്ട് അപ്പോസ്തലന്മാരുടെ കാലത്ത് യഥാർത്ഥമായി നിലവിലിരുന്ന സഭയെപ്പററി നമുക്കു ചിന്തിക്കാം.

## ഐക്യതയായിരുന്നു അടിസ്ഥാനം:

ഒന്നാം നൂററാണ്ടിലെ എല്ലാ വിശ്വസ്ത ക്രിസ്ത്യാനികളും ഒരു സഭയിൽ കൂട്ടായ്മ ആചരിച്ചുവെന്നുള്ള സത്യം വെറും യാദൃശ്ചി

കമല്ല. രക്ഷകനോടുള്ള പ്രാർത്ഥനയിലും ശക്തിയേറിയ അപ്പോസ്തലന്മാരുടെ ഉപദേശങ്ങളിലും ഈ ഐക്യത പ്രകടമാകുന്നുണ്ട്. ക്രിസ്തു തന്റെ മരണത്തിന് ചില മണിക്കൂറുകൾക്കു മുൻപ് തന്റെ ശിഷ്യഗണങ്ങൾ ഒരിക്കലും വിവിധ സഭാവിഭാഗങ്ങളായി തീരരുതെന്നു പ്രാർത്ഥിക്കുന്നു. അപ്പോസ്തലന്മാരെപ്പററി അവൻ പറയുന്നത് 'ഇവർക്കുവേണ്ടി മാത്രമല്ല ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാനിരിക്കുന്നവർക്കു വേണ്ടിയും ഞാൻ അപേക്ഷിക്കുന്നു. നീ എന്നെ അയച്ചിരിക്കുന്നുവെന്നു ലോകം വിശ്വസിപ്പാൻ **അവർ എല്ലാവരും ഒന്നാകേണ്ടതിനു** പിതാവേ! നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിനു തന്നെ" (യോഹ 17:20–21). ദൈവവും ക്രിസ്തുവും ഒന്നായിരിക്കുന്നതുപോലെ തന്റെ ശിഷ്യന്മാരും ഒന്നായിരിക്കണമെന്നു യേശു പഠിപ്പിച്ചു.

## ഐക്യതയ്ക്കുള്ള കാരണം

ഐക്യതക്കുള്ള ഒന്നാമത്തെ കാരണം യേശു പറയുന്നത് 'നീ എന്നെ അയച്ചിരിക്കുന്നു എന്ന് ലോകം വിശ്വസിക്കേണ്ടതിനു.... (യോഹ 17:21) കാരണം എന്നത്തേതിലും കൂടുതൽ വ്യക്തമായി രാജ്യത്താകമാനമുള്ള എണ്ണമററ സമുദായങ്ങളിൽ ഇന്നു വിഷയീകരിച്ചിട്ടുണ്ട്. ഒന്നോ രണ്ടോ വലിയ സഭയെ പുലർത്തുന്നതിനു കഴിവുള്ള സ്ഥലത്ത് അതിനു പകരം അനേകം ചെറിയ സഭാവിഭാഗങ്ങളുണ്ട്, ഓരോന്നും അവർക്ക് പ്രത്യേകമായി ഒരോ ശുശ്രൂഷകനെ സഹായിക്കുന്നതിനും ആരാധനക്കായി ഒരു സ്ഥലമുണ്ടാക്കുന്നതിനും പ്രയാസപ്പെടുന്നു. ഒരു ലോകം പാപത്താൽ നശിക്കുമ്പോൾ ദുഃഖകരമായ ഈ വ്യർത്ഥചെലവും, ശ്രമവും സുവിശേഷത്തിന്റെ പുരോഗതിക്കുവേണ്ടി ഉപയോഗിച്ചിരുന്നുവെങ്കിൽ മതഭക്തരായ എല്ലാ ആളുകൾക്കും വളരെ പ്രയോജനപ്പെടുമായിരുന്നു.

ദൈവം തന്റെ ജനത്തിനു വേണമെന്നു കരുതിയിരുന്ന ഈ കൂട്ടായ്മ അവനെ അനുഗമിക്കുന്നുവെന്നു അവകാശപ്പെടുന്ന എല്ലാവർക്കും ഉണ്ടായിരുന്നുവെങ്കിൽ ഇന്നു ഈ രാജ്യത്തു പഠിപ്പിക്കുന്ന (അമേരിക്ക) എല്ലാ അഞ്ചു ശുശ്രൂഷക്കാരിൽ നാലുപേർക്കും മിഷ്യൻ പ്രവർത്തനം ആവശ്യമുള്ള സ്ഥലങ്ങളിൽ പൂർണ്ണമായ പിൻതുണയോടുകൂടി ചിലപ്പോൾ പോകുവാൻ സാധിക്കുമായിരുന്നു. ഒന്നാം നൂററാണ്ടിലെപ്പോലെ ഇന്ന് ഇങ്ങനെയുള്ള കൂട്ടായ്മ വേണമെങ്കിൽ, ക്രിസ്തുവിനാലും തന്റെ ആത്മാവു ലഭിച്ച അപ്പോസ്തലന്മാരാലും സ്ഥാപിക്കപ്പെട്ട പുതിയനിയമ സഭയുടെ മാതൃകയിലേക്ക് തിരിച്ചുവന്നെങ്കിൽ മാത്രമെ സാധിക്കയുള്ളു.

## കൂട്ടായ്മ—ഐക്യതയ്ക്കുള്ള തെളിവ്

പുതിയ നിയമ സഭയെക്കുറിച്ച് ആകമാനം ശരിയായി പഠിക്കുന്നതിന്, മതത്തിന്റെ ഐക്യതയെപ്പററി കുറച്ചുകൂടിനേരിട്ട കുറിപ്പുകൾ ഇവിടെ നല്കുന്നു. താഴെ കൊടുത്തിരിക്കുന്നതിൽ കാണുവാൻ കഴിയുന്നതുപോലെ ക്രിസ്തു വളരെ സഭാസമൂഹങ്ങൾ സ്ഥാപിച്ചിട്ടില്ലെന്നും, വിവിധ ഉപദേശങ്ങൾ പഠിപ്പിക്കയോ പ്രവർത്തിക്കയോ ചെയ്തിട്ടില്ലെന്നും വേദപുസ്തകം വ്യക്തമായി എടുത്തുകാണിക്കുന്നു. എന്നാൽ ഒന്നാം നൂററാണ്ടിലെ എല്ലാ ക്രിസ്ത്യാനികളും ഒരു ശരീരത്തിന്റെ അതായത് സഭയുടെ ഭാഗമായിരുന്നു.

**കൊലൊസ്യർ 1:18**:– അവൻ സഭയെന്ന ശരീരത്തിന്റെ തലയാകുന്നു.

**എഫെസ്യ 1:22–23** ... അവനെ സർവ്വത്തിനും മീതെ തലയാക്കി ....അവന്റെ ശരീരമായ സഭയ്ക്കു കൊടുക്കുകയും ചെയ്തിരിക്കുന്നു.

**എഫെസ്യ 4:4–5** നിങ്ങളെ വിളിച്ചപ്പോൾ ഏക പ്രത്യാശയ്ക്കായി നിങ്ങളെ വിളിച്ചതുപോലെ ശരീരം ഒന്നു, ആത്മാവ് ഒന്നു; കർത്താവ് ഒരുവൻ, വിശ്വാസം ഒന്ന്, സ്നാനം ഒന്ന്.'

**എഫെസ്യ 5:23** 'ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭയ്ക്കു തലയാകുന്നതുപോലെ.......

**1 കൊരി 12:13**...നാം എല്ലാവരും ഏക ശരീരമാകുമാറു ഒരേ ആത്മാവിൽ സ്നാനം ഏറ്റും എല്ലാവരും ഒരേ ആത്മാവിനെ പാനം ചെയ്തുമിരിക്കുന്നു.

**1 കൊരി 1:10** 'സഹോദരന്മാരേ, നിങ്ങൾ എല്ലാവരും ഒന്നു തന്നെ സംസാരിക്കയും നിങ്ങളുടെ ഇടയിൽ ഭിന്നത ഭവിക്കാതെ ഏക മനസ്സിലും ഏകാഭിപ്രായത്തിലും യോജിച്ചിരിക്കയും വേണം.....'

**മത്താ 16:18** ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല. **പ്രവ 2:47** കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു.

അങ്ങനെ ക്രിസ്തു സ്ഥാപിച്ച സഭയെപ്പററി വേദപുസ്തകത്തിൽ ഉടനീളം ഏകമായിട്ടാണു പറഞ്ഞിരിക്കുന്നത്. അപ്രകാരമുള്ള ഭാഗങ്ങളിൽ ചിലത് പ്രവൃ 12:1, 20:28, 1 കൊരി 12:28, ഗലാ 1:13, എഫെ 3:10, 21; എഫെ 5:32. എന്നിവയാണ്.

വേദപുസ്തകത്തിൽ ആകപ്പാടെ ഒരിക്കൽ 'സഭകൾ' എന്ന പദം ഉപയോഗിച്ചിരിക്കുന്നത് സ്ഥാനത്തിന്റെ അർത്ഥത്തിൽ പല സ്ഥലങ്ങളിലുള്ള സഭകളെക്കുറിച്ചാകുന്നു; അതായത് ഗലാത്യയിലെ സഭകൾ, ഏഷ്യയിലെ ഏഴു സഭകൾ (ഗലാത്യർ 1:2, വെളി 1:4). പൗലോസ് അപ്പോസ്തലൻ 1 കോരി 4:17–ൽ ഇതുപോലെ ഉപയോഗിച്ചിട്ടുണ്ടെങ്കിലും എല്ലായിടത്തും ഒരേ ഉപദേശങ്ങൾ തന്നെയാണ് പഠിപ്പിച്ചിട്ടുള്ളതെന്നു പറയുന്നു.

"ഞാൻ മുന്തിരിവള്ളിയും, നിങ്ങൾ കൊമ്പുകളുമാകുന്നു.... (യോഹ 15:5–6). എന്നു ക്രിസ്തു പറയുമ്പോൾ അവൻ പല സഭ ഉള്ളതായി സ്ഥിരപ്പെടുത്തുന്നു എന്നു ചിലപ്പോൾ ചിന്തിച്ചേ

ക്കാം. മുൻവിധി കൂടാതെ ഈ പാഠം വായിക്കുമ്പോൾ ക്രിസ്തുവിന്റെ ഉപദേശം ഈ ചിന്തക്കു നേരെ എതിരാണെന്ന് മനസ്സിലാക്കാം. ക്രിസ്തു പറയുന്നത് വ്യക്തിപരമായി ശിഷ്യന്മാർ ക്രിസ്തുവിൽ ഒന്നായി തീരുന്നതിനെപ്പറ്റിയാണെന്ന് സന്ദർഭം കാണിക്കുന്നു. അല്ലാതെ വിവിധ സഭാ വിഭാഗങ്ങളെപ്പറ്റിയല്ല. ഈ നിഗമനത്തിൽ തെറ്റായ മറ്റൊരു കാര്യം പുതിയ നിയമകാലത്ത് ഒരു ആധുനിക പ്രൊട്ടസ്റ്റന്റ് സഭയോ കത്തോലിക്കാ സഭയോ ഉണ്ടായിരുന്നുവെന്നു ഒരിക്കൽപോലും വേദപുസ്തകത്തിൽ വിവരിച്ചിട്ടില്ല.

ഇതും ഇതുപോലെയുള്ള മറ്റു വേദഭാഗങ്ങളും വായിക്കുമ്പോൾ കുരിശിന്റെ നിഴലിൽ നിന്നുകൊണ്ട് ക്രിസ്തു നടത്തിയ പ്രാർത്ഥന ഓർക്കുക, ''അവരും നമ്മിൽ ഒന്നാകേണ്ടതിനു തന്നെ.... (യോഹ 17 : 21). ഒരു മനുഷ്യനും ഇന്നു ധാരാളം സഭാവിഭാഗങ്ങൾ ഉള്ളതുകൊണ്ട് ദൈവത്തെ സ്തുതിക്കാതിരിക്കട്ടെ. അല്ലെങ്കിൽ രക്ഷകന്റെ പ്രാർത്ഥന അപ്പോസ്തലന്മാരുടെ കാലത്തെപ്പോലെ (പ്രവൃ. 4: 38) ഇന്നു നിറവേറ്റപ്പെട്ടിട്ടില്ലാത്തതുകൊണ്ട് അവൻ നന്ദിയുള്ളവനായിരിക്കുന്നു എന്നർത്ഥമാകുന്നു.

## പുതിയ നിയമ സഭയുടെ സ്വഭാവ വിശേഷത

ക്രിസ്തു തന്റെ സഭ സ്ഥാപിച്ചപ്പോൾ അതിനെ തിരിച്ചറിയത്തക്കപോലെ പല പ്രത്യേക സ്വഭാവ വിശേഷതകളും അതിനു നൽകിയിരുന്നു. ഉദാഹരണമായി ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾ കർത്താവിന്റെ അത്താഴത്തിൽ എല്ലാ ആഴ്ചവട്ടത്തിന്റെയും ഒന്നാം നാളിൽ പങ്കെടുത്തിരുന്നു, ആരാധനയിൽ അധരംകൊണ്ടുള്ള പാട്ട് (കീർത്തനം) ഉപയോഗിച്ചിരുന്നു, തങ്ങളുടെ പാപ പരിഹാരത്തിനായി സ്നാനം ഏറ്റിരുന്നു, എന്നിവ നാം പഠിച്ചു കഴിഞ്ഞു. സഭയുടെ മററു പല സ്വഭാവ വിശേഷതകളും വേദവചനത്തിൽ നൽകിയിട്ടുണ്ട്.

## 1 ആരും ഒരുനാളും സഭയിൽ ചേർന്നിരുന്നില്ല

(No one ever joined the church) :- പരിശുദ്ധാത്മ സ്നാനത്തിന് ശേഷം ഒരാൾ ദൈവത്തിന്റെ പുതുതായി ജനിച്ച പൈതലാകുന്നു. അങ്ങനെ ക്രിസ്തുവിലായി എന്നു പറയപ്പെടുന്നു (യോഹ 3: 5, റോമർ 6: 3). ''ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏററിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു ''വെന്നു (ഗലാ : 3: 27) പൗലോസ് പറയുന്നു:

ഇന്നത്തെ പുതിയ നിയമകാലത്ത് സുവിശേഷം അനുസരിച്ചിട്ടുള്ളവർ സഭയിൽ ചേരുവാൻ ശ്രമിച്ചിട്ടില്ല. ഇതിനുള്ള കാരണം ഒരാൾക്കു പാപപരിഹാരം ലഭിച്ചു കഴിഞ്ഞാലുടൻ ദൈവം അവരെ തന്റെ സഭയോട് ചേർത്ത് മറ്റേതൊരു അംഗത്തെപ്പോലെ തന്നെ അവരെയും സഭയുടെ ഒരു ഭാഗമായി കരുതിയിരുന്നു എന്നുള്ളതാകുന്നു. പ്രവൃത്തികളുടെ പുസ്തകത്തിൽ പരിശുദ്ധാത്മ നിയോഗിയായ എഴുത്തുകാരൻ ഈ വാക്യത്തിൽ അതു വളരെ വ്യക്തമാക്കിയിരിക്കുന്നു. പ്രവൃ: 2: 47 ൽ കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനം പ്രതി സഭയോട് ചേർത്തിരുന്നു.

പുതിയ നിയമ സഭയിലേക്ക് ആളുകളെ തിരഞ്ഞെടുക്കുകയും പുറത്താക്കുകയും ചെയ്യുന്ന രീതി ഒന്നാം നൂറ്റാണ്ടിൽ കേട്ടിട്ടില്ലാത്ത ഏർപ്പാടായിരുന്നു. ഏതാണ്ടീ പ്രകാരമുള്ള ഒരു പ്രവൃത്തി വേദപുസ്തകത്തിൽ കാണുന്നത് ദൈവത്തിൽ നിന്നുള്ളവനല്ലാത്ത ദിയൊത്രെഫോസിന്റെ പ്രവർത്തിയാണ്. അപ്പോസ്തലനായ യോഹന്നാൻ ഇതിനെ കഠിനമായി കുറ്റപ്പെടുത്തിയിരിക്കുന്നത് വിവരിക്കുന്നതു നോക്കുക. "...അവൻ അങ്ങനെ ചെയ്യുന്നതു പോരായെന്നുവച്ച് താൻ സഹോദരന്മാരെ കൈക്കൊള്ളാതിരിക്കുന്നതുമല്ല, അതിന് മനസ്സുള്ളവരെ വിരോധിക്കയും സഭയിൽ നിന്നും പുറത്താക്കയും ചെയ്യുന്നു" (3 യോഹ: 9–10) ദൈവം ചെയ്യുന്നതുപോലെ സഭയിലേക്ക് ആളുകളെ സ്വീകരിക്കുന്നത് മനുഷ്യനല്ല, ക്രിസ്തുവത്രെ. അവനുമാത്രമേ അവരെ പുറത്താക്കുവാനും അധികാരമുള്ളൂ.

## 2 മനുഷ്യ വിശ്വാസ പ്രമാണങ്ങൾ ഇല്ല

പുതിയ നിയമസഭയുടെ മറ്റൊരു സ്വഭാവ വിശേഷത അതു മനുഷ്യരുടെ വിശ്വാസ പ്രമാണങ്ങൾ, ചട്ടങ്ങൾ, അല്ലെങ്കിൽ മറ്റേതെങ്കിലും ദൈവത്താലുള്ളതല്ലാത്ത മനുഷ്യഎഴുത്തുകൾ മുതലായവകളാൽ കെട്ടപ്പെട്ടിട്ടുള്ളതല്ല എന്നുള്ളതാണ്. ഒന്നാം നൂറ്റാണ്ടിലെ ക്രിസ്തു സഭയിലെ അംഗങ്ങൾക്ക് പുതിയ നിയമമായിരുന്നു ഏക വിശ്വാസ നിയമമായി ഉണ്ടായിരുന്നത്. മാത്രമല്ല അവരുടെ സഭയിൽ കൂട്ടായ്മയിൽ സ്വീകരിക്കപ്പെടുന്നതിന് മനുഷ്യരുടെ ഒരു ചട്ടങ്ങൾക്കും കീഴ്പ്പെടണമെന്നുള്ള ആവശ്യം ഉണ്ടായിരുന്നില്ല. മനുഷ്യരുടെ ഒരു വിശ്വാസ പ്രമാണങ്ങളെപ്പറ്റിയും വേദപുസ്തകത്തിൽ ഒരിടത്തും പറഞ്ഞിട്ടില്ല. അങ്ങനെയുള്ള ആദ്യത്തെ പ്രമാണം അതായത് "നിഖ്യാ വിശ്വാസ പ്രമാണം".

(Nicean creed) അപ്പോസ്തലൻമാരുടെ മരണത്തിനും നൂററാണ്ടു കൾക്ക് ശേഷംവരെ പ്രത്യക്ഷമായിരുന്നില്ല. ഒരുകൂട്ടം ദൈവാത്മാ വില്ലാത്ത മനുഷ്യരാൽ AD 325–ൽ അത് എഴുതപ്പെട്ടു. Federic Giolow, Jr. Popular outline of Church History page 38-39) അപ്പോസ്തലൻമാരുടെ വിശ്വാസപ്രമാണം (Apostles creed) എന്നറിയപ്പെട്ടിരുന്ന എഴുത്തിനും യഥാർത്ഥത്തിൽ അപ്പോസ്ത ലൻമാരുമായി ബന്ധമുണ്ടായിരുന്നില്ല. അപ്പോസ്തലൻമാരുടെ കാലത്തിനും നൂററാണ്ടുകൾക്കും ശേഷംവരെ ഇതു സ്ഥാപിക്കപ്പെട്ടി ട്ടില്ലായിരുന്നുവെന്ന് വേദപുസ്തക പണ്ഡിതൻമാരും സമ്മതി ക്കുന്നു. (The Popular and critical Bible Encyclopedia, Vol 1 P 126)

## 3 വിനയം (താഴ്മ) എന്ന സ്വഭാവ വിശേഷത

വിനയം എന്നത് പുതിയ നിയമ സഭയിലെ യഥാർത്ഥ അംഗ ങ്ങളുടെ ശക്തിയേറിയ സ്വഭാവ വിശേഷതകളിൽ ഒന്നായിരുന്നു. വിശ്വസ്ത സുവിശേഷ പ്രസംഗകർ (ശുശ്രൂഷകർ) അവരുടെ മൂതി നമ്മൽ ബഹുമാനിക്കപ്പെടുമെങ്കിലും തങ്ങളെത്തന്നെ സഭയിൽ മററുള്ള അംഗങ്ങളേക്കാൾ ഉന്നത സ്ഥാനത്തു നിർത്തുവാൻ ശ്രമിക്കുന്നില്ല. അതുകൊണ്ട് സഭയിൽ പ്രത്യേക അധികാരവും (clergy) ഇല്ല. ലൂക്കോ 22: 25–26–ൽ ക്രിസ്തു പറയുന്നു "ജാതികളുടെ രാജാ ക്കൻമാർ അവരിൽ കർത്തൃത്വം നടത്തുന്നു. അവരുടെ മേൽ അധി കാരം നടത്തുന്നവരെ ഉപകാരികൾ എന്നു പറയുന്നു. നിങ്ങളോ അങ്ങനെയല്ല, നിങ്ങളിൽ വലിയവൻ ഇളയവനെപ്പോലെയും, നായ കൻ ശുശ്രൂഷിക്കുന്നവനെപ്പോലെയും ആകട്ടെ" മത്തായി 23–ൽ പരീശൻമാർ തങ്ങൾ ദൈവത്തിൻെറ ശിഷ്യൻമാരെക്കാൾ പ്രധാന മത നേതാക്കൻമാരാണെന്ന് പ്രത്യേക വസ്ത്രധാരണം നടത്തി കാണി ക്കുന്നതിനെ കർത്താവ് കുററപ്പെടുത്തുന്നു. കർത്താവ് പറയുന്നു. "അവർ തങ്ങളുടെ പ്രവൃത്തികൾ എല്ലാം മനുഷ്യർ കാണേണ്ടതി ന്നത്രേ ചെയ്യുന്നത്. തങ്ങളുടെ മന്ത്രപ്പെട്ട വീതിയാക്കി തൊങ്ങൽ വലുതാക്കുന്നു. അത്താഴത്തിൽ പ്രധാന സ്ഥലവും പള്ളിയിൽ മുഖ്യാസനവും, അങ്ങാടിയിൽ വന്ദനവും, മനുഷ്യർ റബ്ബീ എന്നു വിളിക്കുന്നതും അവർക്ക് പ്രിയമാകുന്നു. നിങ്ങളോ റബ്ബീ എന്നു പേർ എടുക്കരുത്. ഒരുത്തനത്രേ നിങ്ങളുടെ ഗുരു, നിങ്ങളോ എല്ലാ വരും സഹോദരൻമാർ. ഭൂമിയിൽ ആരെയും പിതാവ് എന്നു വിളിക്ക രുത്. ഒരുത്തനത്രേ നിങ്ങളുടെ പിതാവ് സ്വർഗ്ഗസ്ഥൻ തന്നെ" (മത്താ 23: 5–9).

ഇതിൽ, അവസാനത്തെ വാചകത്തിൽ പിതാവെന്നുള്ള വാക്ക് മതപരമായ സ്ഥാനപ്പേരായി ഉപയോഗിക്കുന്നതിനെ കുററപ്പെടുത്തിയിരിക്കുന്നു. എന്നാൽ ലൗകികമായ രക്ഷകർത്താക്കളെപ്പററി പറയുമ്പോൾ ഈ വാക്ക് ഉപയോഗിക്കുന്നതിന് കുററപ്പെടുത്തുന്നില്ല എന്നുള്ളത് ഇതിനോടു ബന്ധപ്പെട്ട വാക്യങ്ങളിൽ കാണുന്നു. മാത്രമല്ല ഈ അർത്ഥത്തിൽ ധാരാളമായി ആ വാക്കു ഉപയോഗിക്കുന്ന പല വേദവചന ഭാഗങ്ങളും കാണുവാൻ കഴിയുന്നു. ഇതിൽ കൂടുതൽ പരിചയമുള്ള വാക്യങ്ങളിൽ ഒന്നാകുന്നു 'നിന്റെ അപ്പനേയും അമ്മയേയും ബഹുമാനിക്ക' എന്നുള്ളത്. (എഫെ.6:2; പ്രവൃ. 16:3, പ്രവൃ. 7:4) കൂടെ വായിക്കുക. മത്തായി 23-ൽ പ്രത്യേകമായി കുററപ്പെടുത്തിയിരിക്കുന്നത് പരീശന്മാർ ഉപയോഗിച്ചിരുന്നതുപോലെ മതപരമായ സ്ഥാനങ്ങൾക്കായി വാക്കുകൾ ഉപയോഗിക്കുന്നതിനെയത്രേ. 'റവറൻഡ്' (Reverend) എന്നപദവും വേദപുസ്തക കാലത്ത് മനുഷ്യർക്കു ഒരിക്കലും ഉപയോഗിച്ചിരുന്നില്ല. വേദപുസ്തകത്തിൽ തന്നെയും ദൈവത്തെക്കുറിക്കുന്നതിനു മാത്രമേ ഉപയോഗിച്ചിരുന്നുള്ളു. (സങ്കീ 1:10) (ഇംഗ്ലീഷ് വാക്ക് ആകുന്നു).

(പ്രവൃത്തി 10-ൽ അപ്പോസ്തലനായ പൗലോസ് മററാളുകൾ തന്നോടു പ്രത്യേക ബഹുമാനം കാണിക്കുന്നതിനോ തന്നെ കുമ്പിടുന്നതിനോ അനുവദിച്ചിരുന്നില്ല എന്നു നാം വായിക്കുന്നു. കൊർന്നെല്യോസ് തന്റെ കാല്ക്കൽ വീണപ്പോൾ പറഞ്ഞു 'എഴുന്നേല്ക്ക, ഞാനും ഒരു മനുഷ്യനത്രേ'' (പ്രവൃ25:26). സ്വർഗ്ഗത്തിൽ നിന്നുള്ള ഒരു ദൂതനും ഇതു പോലെ തന്നെ ബഹുമാനിക്കുന്നതിനെ അനുവദിക്കുന്നില്ല (വെളി 19:10). ഇപ്രകാരമുള്ള വിനയം ഇന്നു ക്രിസ്തുവിനു വേണ്ടിയുള്ളത് വളരെ വിലമതിക്കപ്പെട്ടതായിരിക്കുന്നു.

## ദൈവത്തിന്റെ ജനങ്ങളാൽ ധരിക്കപ്പെടുന്ന നാമം:-

പുതിയനിയമ സഭയുടെ മറെറാരു പ്രത്യേകത ദൈവത്തിന്റെ മക്കളെ പ്രത്യേകമായി കാണിക്കുന്നതിനുപയോഗിച്ചിട്ടുള്ള നാമങ്ങളാണ്. സാധാരണയായി അവർ ക്രിസ്ത്യാനികൾ (Christians) എന്നു വിളിക്കപ്പെട്ടിരുന്നു. (പ്രവൃ 11:26). എന്നാൽ ഒരു പ്രത്യേക തരത്തിലുള്ള (Kind) ക്രിസ്ത്യാനികളെന്നു വിവരിക്കപ്പെട്ടിട്ടില്ല. ദൈവത്തിന്റെ മക്കൾ (Children of God) എന്നും അവരെക്കുറിച്ച് പറയപ്പെടുന്നു (ഗലാ.3:26). ആദ്യക്രിസ്ത്യാനികൾ സാധാരണയായി 'വിശുദ്ധന്മാർ' (saints) എന്നറിയപ്പെടുന്നു (റോമർ 1:7). ഈ പദവി മരിച്ചുപോയ ചില പ്രത്യേക ശിഷ്യന്മാർക്ക് മാത്രമല്ല, ജീവിക്കുന്ന എല്ലാ ക്രിസ്ത്യാനികൾക്കും ഉപയോഗിച്ചിരുന്നുവെന്നു എടുത്തുപറയേണ്ടതാകുന്നു. യോഹ 15:8-ൽ അവർ ശിഷ്യന്മാർ (disciples) എന്നുവിളിക്കപ്പെടുന്നു. അതിന്റെ അർത്ഥം അറിവുസമ്പാദിക്കുന്നവൻ (learner) എന്നത്രേ. എല്ലാ ആദ്യക്രിസ്ത്യാനികളും പുരോഹിതന്മാർ (priest)

എന്നറിയപ്പെടുന്നു. ഈപദം സഭയിലെ ഒരു പ്രത്യേക സമൂഹത്തെപ്പററി മാത്രമല്ല എല്ലായിടത്തുമുള്ള എല്ലാ ക്രിസ്ത്യാനികളെയും കുറിക്കുന്നു (1 പത്രോ 2:5–9) ഒരർത്ഥത്തിൽ എല്ലാവരും പുരോഹിതൻമാരാണ്. കാരണം ക്രിസ്തുവിൻെറ മദ്ധ്യസ്ഥതയിൽകൂടെഎല്ലാവർക്കും ദൈവത്തിനോടു പ്രാർത്ഥന കഴിക്കുവാൻ സാധിക്കും (1 തിമൊഥെ 2:5) അങ്ങനെ തങ്ങളെത്തന്നെ സുവിശേഷത്തിനായുള്ള സമർപ്പണത്താൽ ''ജീവനുള്ള യാഗമായി അർപ്പിക്കപ്പെടുവാൻ'' കഴിയും (റോമ 12:1) സൗമ്യതാമനോഭാവം ഉണ്ടായിരിക്കണമെന്നുള്ളതിനാൽ അവർ വെറും സഹോദരൻമാർ എന്നു വിളിക്കപ്പെട്ടിരുന്നു. (ഗലാ 6:1).

പുതിയനിയമകാലത്ത് ക്രിസ്തുവിൻെറ നാമമല്ലാതെ മറെറാരു നാമവും ഉണ്ടായിരുന്നില്ല. റോമാപുസ്തകത്തിൽ നാം വായിക്കുന്നു. '....... ക്രിസ്തുവിൻെറ സകല സഭകളും നിങ്ങളെ വന്ദനം ചെയ്യുന്നു' (റോമർ 16:16). ഇതൊരു സ്ഥാനമല്ല, ഒരുവിശദീകരണമാകുന്നു, യോഹന്നാൻെറ ബുക്ക്, ദാവീദുഗ്രഹം എന്നു പറയുന്ന അതേ അർത്ഥത്തിലാണ് ഇവിടെ ക്രിസ്തുവിൻെറ സകല സഭകളും എന്നുപറഞ്ഞിരിക്കുന്നത് (ലൂക്കോ 1:27) സഭ ക്രിസ്തുവിനുള്ളതാണെന്നുള്ള വസ്തുതയുടെ ഒരു വിശദീകരണമാണിവിടെ നൽകിയിരിക്കുന്നത്, അല്ലാതെ വെറും ഒരു സ്ഥാനമല്ല.

ക്രിസ്തുവിൻെറ സഭയെ കുറിക്കുന്നതിന് ഒരിക്കലും മാനുഷ്യനാമങ്ങൾ ഉപയോഗിച്ചിരുന്നില്ല. ചിലപ്പോൾ ദൈവസഭ (Church of God) എന്നു വിളിക്കുന്നത് ക്രിസ്തുവിനുള്ളതാണെന്നു കാണിക്കുന്നതിനാകുന്നു. (1 കൊരി 1:2, അപ്പൊ 20:28), ക്രിസ്തു പറയുന്നത് ''എൻെറ സഭ'' എന്നാകുന്നു (മത്താ 16:18). ക്രിസ്തുവിൻെറ ശരീരം Body of Christ) ദൈവത്തിൻെറ ഭവനം എന്നുള്ള പദങ്ങളും ഉപയോഗിച്ചിരുന്നു (കൊലൊ 1:24, 1 തിമൊ 3:15). ഈ വാക്കുകളെല്ലാം സഭ ക്രിസ്തുവിനുള്ളതാണെന്നു പറയുന്നതിനു മറെറാരു രൂപം എന്നേയുള്ളു. ക്രിസ്തു അതിൻെറ ഉടമസ്ഥനും നിർമ്മാതാവും ആയിരിക്കുന്നതുകൊണ്ട് ഇവയെല്ലാം ശരിയാണ്. (മത്താ 16:18; പ്രവൃ 20:28).

കൊലോസ്സ്യർക്ക് എഴുതിയ പുസ്തകത്തിൽ ക്രിസ്തുവിൻെറ നാമത്തിനുള്ള പ്രാധാന്യം ചൂണ്ടിക്കാണിക്കുന്നു. 'വാക്കിനാലും ക്രിയയാലും എന്തുചെയ്താലും സകലവും കർത്താവായ യേശുവിൻെറ നാമത്തിൽചെയ്തും അവൻ മുഖാന്തിരം പിതാവായ ദൈവത്തിനു സ്തോത്രംപറഞ്ഞു കൊണ്ടിരിപ്പിൻ' (കൊലൊ 3:17). വീണ്ടും പ്രവൃത്തി 4:12 ൽ ക്രിസ്തുവിൻെറ നാമത്തെപ്പററി പത്രോസ് പറയുന്നു–'നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവും ഇല്ല'. ഈ സംഗതികളുടെ വെളിച്ചത്തിൽ നാം നോക്കുമ്പോൾ, റോമർ 16:16–ൽ പറഞ്ഞിട്ടുള്ള 'ക്രിസ്തുവിൻെറ സകലസഭകളും' എന്നത് പലസ്ഥലങ്ങളിലുള്ള സഭകളെപ്പററിയാണ് പറഞ്ഞിരിക്കുന്നതെന്നു കാണുന്നതിൽ അതിശയപ്പെടാനില്ല.

# സ്നാനവും അതിന്റെ ബന്ധങ്ങളും

റോയ് ബീസ്ലേ

രക്ഷിക്കപ്പെടുന്നതിന് സ്നാനം ആവശ്യമുണ്ടെന്ന് അനേകം നല്ല ആളുകൾ വിശ്വസിക്കുന്നില്ലായെന്നു എനിക്കറിയാം. എന്നാൽ നമ്മുടെ ആശയങ്ങളും അഭിപ്രായങ്ങളും ഭാവിയിൽ ഉപയോഗിക്കുന്നതിനായി നമുക്കു മാററിവെക്കാം. ഈ കാര്യത്തിൽ ബൈബിളിനു എന്തു പറയുവാൻ ഉണ്ടെന്നു നമുക്കു നോക്കാം. പുതിയ നിയമ പഠനത്തിൽ നാം ഉദ്ദേശിക്കുന്ന സ്നാനം മററുകാര്യങ്ങളോടു പല രീതിയിലും ബന്ധപ്പെട്ടിരിക്കുന്നതായി കാണാം. ഇത് ഗതിപദങ്ങളുടെ ഭാഗങ്ങൾ ആകുന്നു. ഇത് ഒരു പ്രവർത്തിയോടൊ ഒരു വസ്തുവിനോടൊ ഉള്ള സകർമ്മകക്രിയയുടെ ബന്ധം സൂചിപ്പിക്കുന്നു. സ്നാനത്തോടു ബന്ധപ്പെടുത്തി ഉപയോഗിക്കാവുന്ന വിവിധ ഗതികളെപ്പററി ഈ പാഠത്തിലൂടെ പഠിക്കുന്നതിനു ഞങ്ങൾ ആഗ്രഹിക്കുന്നു.

''ൽ'' എന്ന ഗതി എടുക്കാം. സ്നാനം വെള്ളത്തിൽ ആകുന്നു. അപ്പോ: പ്രവൃത്തികൾ 8–ാം അദ്ധ്യായത്തിൽ എത്യോപ്യൻ ഷണ്ഡനെ (കാര്യവിചാരകനെ) വെള്ളത്തിൽ സ്നാനപ്പെടുത്തി. അപ്പോ: പ്രവൃത്തി 10:47 ൽ ''നമ്മെപ്പോലെ പരിശുദ്ധാത്മാവ് ലഭിച്ച ഇവരെ സ്നാനം കഴിപ്പിച്ചുകൂടാതവണ്ണം വെള്ളം വിലക്കുവാൻ ആർക്കു കഴിയും'' എന്നു പത്രോസ് പറയുന്നതായി നാം കാണുന്നു. പുതിയ നിയമത്തിൽ പരിശുദ്ധാത്മാവിനാൽ, അഗ്നിയാൽ സ്നാനം തുടങ്ങിയസ്നാനങ്ങൾ നാം വായിക്കുന്നു. എന്നാൽ ഇന്നു ഒരു സ്നാനം മാത്രമേയുള്ളു. എഫേസ്യർ 4:5 ൽ ഒരു സ്നാനം ഉണ്ടെന്നു നമ്മളാൽ പറയപ്പെടുന്നു. ആ സ്നാനം മഹത്തായ ചുമതലപ്പെടുത്തലിന്റെ സ്നാനമാകുന്നു.

യേശു പറഞ്ഞു ''നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിക്കുക....'' (മത്തായി 28:19–20) ഈ സ്നാനം ലോകാവസാനം വരെയും അനുഷ്ഠിക്കപ്പെടും. മനുഷ്യരാൽ ഇത് നിർവ്വഹിക്കപ്പെടും. ഇതായിരുന്നു വെള്ളത്തിലുള്ള സ്നാനം.

സ്നാനം ക്രിസ്തുവിന്റെ നാമത്തിലാകുന്നു. (അപ്പോ: പ്രവൃത്തി 2:38) ക്രിസ്തുവിന്റെ നാമത്തിൽ സ്നാനപ്പെടുത്തുക എന്നത് അവന്റെ അധികാരത്തിൽ സ്നാനപ്പെടുത്തുക എന്നർത്ഥമാകുന്നു.

''ആൽ'' എന്ന ഗതിയാണ് അടുത്തതായി നാം കാണുന്നത്. 1 കൊരിന്ത്യർ 12:13ൽ ഇത് നാം വായിക്കുന്നു. ''ആകയാൽ ഒരാത്മാവിനാൽ നാമെല്ലാം ഒരു ശരീരത്തിലേക്കു സ്നാനപ്പെടുത്തുന്നു....'' അരൂപിയാൽ സ്നാനപ്പെടുത്തുക എന്നത് പരിശുദ്ധാത്മാവിന്റെ പഠനപ്രകാരം സ്നാനപ്പെടുത്തുക എന്നർത്ഥമാകുന്നു. അവന്റെ മരണത്തിനു തൊട്ടുമുമ്പ് അവരുടെ പ്രസംഗങ്ങളാലും പഠനങ്ങളാലും മററും പ്രചോദിപ്പിച്ച മനുഷ്യരെയും അപ്പോസ്തലൻമാരെയും നയി

ക്കുന്നതിനും നിർദേശിക്കുന്നതിനും പരിശുദ്ധാത്മാവിനെ അയക്കാമെന്നു യേശു വാഗ്ദാനം ചെയ്തു. അവരെ പരിശുദ്ധാത്മാവ് നയിക്കുകയും നിർദേശിക്കുകയും ചെയ്ത പ്രകാരം ആ മനുഷ്യർ സംസാരിക്കുകയും എഴുതുകയും ചെയ്തു. നമുക്കു പിന്നെ പ്രചോദിപ്പിക്കപ്പെട്ട മനുഷ്യർ ഇല്ല. എന്നാൽ പ്രചോദിപ്പിക്കപ്പെട്ട പുസ്തകമായ ബൈബിൾ ഉണ്ട്. ഇപ്രകാരം എഴുതപ്പെട്ട വാക്കുകളിലൂടെ പരിശുദ്ധാത്മാവ് ഇന്നു നമ്മെ പഠിപ്പിക്കുന്നു. ആ വാക്കുകൾ നമ്മെ പഠിപ്പിക്കുന്നത് സ്നാനപ്പെടുക എന്നതാണ്. സ്നാനത്തെ സംബന്ധിച്ച് പുതിയ നിയമത്തിലെ പഠനങ്ങളെ നാം അനുകരിക്കുമ്പോൾ പരിശുദ്ധാത്മാവിനാൽ നാം ഇതു ചെയ്യുന്നു.

മറ്റൊരു ഗതി ''വേണ്ടി' എന്നതാണ് സ്നാനത്തോടുകൂടിയ ബന്ധത്തിൽനമുക്കു ഇത് കാണുവാൻ കഴിയും. അപ്പോ: പ്ര. 2:38 ൽ നാം വായിക്കുന്നു, നമ്മുടെ പാപങ്ങളുടെ മോചനത്തിനായി (മോചനത്തിനു വേണ്ടി) നാം സ്നാനപ്പെടുന്നു. ''വേണ്ടി'' എന്ന വാക്ക് ''ലേക്കു'' എന്ന അർത്ഥവും പ്രകടിപ്പിക്കുന്നു; കഴിഞ്ഞ കാലങ്ങളിലെ പാപങ്ങളുടെ മോചനം സ്വീകരിക്കുന്നതിനായി നമ്മെ സ്നാനപ്പെടുത്തുന്നു. അപ്പോ: പ്ര. 22:16 ൽ പ്രാസംഗികൻ ശൗലിനോടു പറഞ്ഞതു ഇതിനോട് യോജിക്കുന്നു. 'ഇനിതാമസിക്കുന്നത് എന്ത്? എഴുന്നേററ് അവന്റെ നാമം വിളിച്ചു പ്രാർത്ഥിച്ചു സ്നാനം ഏററു നിന്റെ പാപങ്ങളെ കഴുകി കളയുക''.

''ലേയക്ക്'' എന്നത് മറ്റൊരു ഗതിയാകുന്നു. ഇത് അനേകം പ്രാവശ്യം സ്നാനവുമായുള്ള ബന്ധത്തിൽ ഉപയോഗിക്കുന്നു. 1 കൊരി. 12:13ൽ നാം ഒരു ശരീരത്തിലേയ്ക്കു സ്നാനപ്പെടുത്തപ്പെടുന്നുവെന്നു പറയുന്നു. ഈ ഒരു ശരീരം സഭയാകുന്നു. ക്രിസ്തുവിന്റെ ശരീരത്തിലേക്കു പ്രവേശിക്കുന്നതിന് സ്നാനം ആവശ്യമാകുന്നു.

സ്നാനം പിതാവിന്റെയും നാമത്തിൽ ആകുന്നു. (മത്തായി 28: 19). ഇവിടെ ദൈവനാമത്തിൽ മൂന്നു വ്യക്തികൾ നമുക്കുണ്ട്. ഇങ്ങനെ മൂന്നു വ്യക്തികൾ ഉള്ളതിനാൽ ഈ മൂന്നു നാമങ്ങളിലേക്കും നാം സ്നാനപ്പെടുത്തപ്പെടുന്നു.

റോമർ 6:3ൽ ക്രിസ്തുവിന്റെ മരണത്തിലേക്കു നമ്മെ സ്നാനപ്പെടുത്തുന്നുവെന്നു പറയപ്പെടുന്നു. പാപത്താൽ മരിച്ചവർ പാപത്തിൽ ജീവിതം തുടരരുതെന്നു പൗലോസ് വാദിക്കുന്നു. പിന്നെഅവൻ നമ്മോടു പറയുന്നു, നാം ക്രിസ്തുവിന്റെ മരണത്തിലേക്കു സ്നാനപ്പെടുമ്പോൾ പാപം സംബന്ധിച്ച് നാം മരിച്ചുകഴിഞ്ഞു.

വീണ്ടും ഗലാത്യർ 3:27ൽ നാം പഠിക്കുന്നത് ക്രിസ്തുവിലേക്കു സ്നാനപ്പെടുന്നുവെന്നാണ്.

ഞാൻ ഈ ചോദ്യം നിങ്ങളോടു ചോദിച്ചുകൊള്ളട്ടെ. വെള്ളത്തിലും ക്രിസ്തുവിന്റെ നാമത്തിലും പരിശുദ്ധാത്മാവിനാലും പാപപരിഹാരത്തിനായി ഒരു ശരീരത്തിലേക്കു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിലേക്കു, ക്രിസ്തുവിന്റെ മരണത്തിലേക്കു, ക്രിസ്തുവിലേക്കു നിങ്ങൾ സ്നാനപ്പെട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ അതിനു തയ്യാറാണോ?

O

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH** — *The Voice of Truth* — Speakers : Reggie Gnanasundaram and J. C. Choate.

All correspondence should be sent to The Voice of Truth Post Box 3815, New Delhi 110049.

Mondays—9 : 00 to 9 : 15 P.M.
Fridays— 7 : 45 to 8 : 00 P.M.

**HINDI**—*Satya Susamachar*—Speaker : Sunny David.

All correspondence Should be sent to Satya- Susamachar, post Box 3815, New Delhi 110049.

Tuesdays—9 : 00 to 9 : 15 P.M.
Thursdays—9: 00 to 9 : 15 P.M.
Fridays — 9 ; 00 to 9 : 15 P. M.
Sundays– 12 : 45 to 1 : 00 P. M.

**TELUGU**—*The Voice of Truth*—Speaker : Joshua Gootam

All correspondence should be sent to The Voice of Truth Post Box 80, Kakinada 533001.

Sundays—2 : 30 to 2 : 45 P. M.
Tuesdays—2 : 30 to 2 : 45 P.M.
Thursdays—2: 30 to 2 : 45 P.M.
Fridays — 2 : 30 to 2 : 45 P.M.
Saturdays—2 : 30 to 2 : 45 P.M.

**TAMIL**—*"The Way of Truth"*— Speaker : P. R. Swamy.

All correspondence should be sent to The Way of Truth. Post Box 8405, Bangalore 560084.

Tuesdays— 5 : 30 to 5 : 45 P. M.
Thursdays—6 : 45 to 7 : 00 P M.
Sundays—6 : 45 to 7 : 00 P.M.

**MALAYALAM**—The Voice of Truth—Speaker :P. K. Varghese.

All Correspondence should be sent to Church of Christ Quilon—1,Kerala.

Tuesdays—3 : 45 to 4 : 00 P.M.
Fridays — 3 : 45 to 4 : 00 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and published by P. K. Varghese Church of Christ, Trivandrum. Printed at Santhosh Printers Nandavanam, Tvm.

Regd : No. K Dis. 90095/ 86/ A8 Regd. No. KL/TV (N) 22

# യേശു: കുടുംബത്തിന്റെ കർത്താവ്



(പാർക്കർ ഹെൻറർസൺ)

ശ്രവിക്കുക :

**പാർക്കർ ഹെൻറർസൺ**

(യു. എസ്. എ)

സ്ഥലം :: ബിഷപ്പ് പെരേരാ ഹാൾ (പാളയം, തിരു)

സമയം: 1988 ജൂൺ 7 മുതൽ 11 വരെ വൈകുന്നേരം 7 മണി

പ്രവേശനം സൗജന്യം

ഏവർക്കും സ്വാഗതം

To

From
THE BIBLE TRUTH
Church of Christ
Sunny Meads Lane
Trivandrum-34
Kerala, India